പത്രാധിപർ എം. എ. ജോൺ

# നിർണ്ണയം.

പുസ്തകം 1 | എറണാകുളം 1970 മാർച്ച് 1 ഞായർ | വില 35 സ.
ലക്കം 5

✱ ഈ ലക്കത്തിൽ ✱

* കുറിപ്പുകൾ
വിദേശയാത്രാസൗജന്യങ്ങൾ
വ്യവസായലൈസൻസ്

* കാഴ്ചപ്പാടുകൾ
ഡി. എം. കെ.യും
പ്രാദേശികസ്വയംഭരണവും

* ലേഖനങ്ങൾ
ഇന്ത്യയിലെ മുസ്ലീംരാഷ്ട്രീയം
മാർക്സിസ്റ്റ്പാർട്ടിയും
മററുകക്ഷികളും
അനാവശ്യമായ അവധിദിനങ്ങൾ

* എഴുതാപ്പുറം

* കത്തുകൾ

കുറിപ്പുകൾ

## വിദേശയാത്രാസൗജന്യങ്ങൾ

വിദേശ യാത്ര നടത്താൻ കേന്ദ്രധനകാര്യ വകുപ്പ് വലിയ സൗകര്യങ്ങൾ അനുവദിച്ചിരിക്കുന്നു. മൂന്നു വർഷക്കാലം വിദേശത്ത് പോയിട്ടില്ലാത്തവർക്ക് പി. ഫോം നിയന്ത്രണങ്ങളിൽ നിന്നു ഒഴിവു നൽകിയിരിക്കുകയാണ്. വിദേശയാത്രക്കു പോകുന്നവർക്കു ഭാര്യമാരെക്കൂടെ കൊണ്ടു പോകുവാനും വിദേശ നാണയം അനുവദിക്കുമത്രെ.

ഉപരിവിദ്യാഭ്യാസത്തിനു പോകുന്ന വിദ്യാർത്ഥികൾക്കു വിദേശ നാണയ കാര്യത്തിൽ അനുവദിച്ചിട്ടുള്ള സൗകര്യങ്ങൾ ഒഴികെ ബാക്കിയെല്ലാം തികച്ചും അനാവശ്യമാണ്. വിദേശ വിദ്യാഭ്യാസത്തിനു പോകുന്നവർ തന്നെ നാട്ടിൽ തിരിച്ചു വന്നു ഗവർമ്മെണ്ട് നിർദ്ദേശിക്കുന്ന തരത്തിൽ സേവനം നൽകുമെന്നു ഉറപ്പ് നൽകിയാലല്ലാതെ അവർക്കും സൗജന്യങ്ങൾ അനുവദിക്കാവുന്നതല്ല. എന്തിനും വിദേശവിദ്യാഭ്യാസം ലഭിക്കണമെന്ന താല്പര്യവും അവസാനിപ്പിക്കുകയാണ് വേണ്ടത്.

മുതലാളിമാരുടേയും ഉന്നതോദ്യോഗസ്ഥന്മാരുടെയും വിനോദശീലത്തെ തൃപ്തിപ്പെടുത്താൻ മാത്രമേ പുതിയ വിദേശ നാണയ സൗജന്യങ്ങൾ ഉപകരിക്കൂ. വിദേശ യാത്രകൾ വർദ്ധിച്ച് രാജ്യത്തിനു സാമ്പത്തിക ഭാരം കൂട്ടുന്നവയാണ് ഈ സൗജന്യങ്ങൾ. രാജ്യാവശ്യത്തിന്റെ മൂടുപടമിട്ട വിനോദ യാത്രകളാണ് പലപ്പോഴും വിദേശ യാത്രകൾ. മൂന്നു പഞ്ചവത്സര പദ്ധതികഴിഞ്ഞ് നാലാം പദ്ധതിയായിട്ടും വിദേശത്ത് നിന്നു കൂടുതൽ കൂടുതൽ സഹായം നേടാതെ ഒന്നും ചെയ്യാനാവില്ലെന്നാണോ സ്ഥിതി?

ഏതെല്ലാം കാര്യത്തിനു വിദേശത്തു പോകേണ്ടി വരുമെന്നും ആരൊക്കെയാണ് പോകേണ്ടതെന്നും തീരുമാനിക്കുവാൻ കഴിയാത്ത ആസൂത്രണം കഴിവുകെട്ടതായിരിക്കണം. ഓരോ വിദേശയാത്രയും വിദേശചാരന്മാരുടെ എണ്ണം വർദ്ധിപ്പിക്കുകയാണ്. വിദേശക്കമ്പം അവസാനിപ്പിച്ച് കഴിയാവുന്നത്ര സ്വദേശി ശീലം വളർത്താതെ രാജ്യത്തിന്റെ വികസനം സാദ്ധ്യമല്ല.

അത്യാവശ്യ സന്ദർഭങ്ങളിൽ വിദേശത്ത് പോകേണ്ടി വന്നാൽ തന്നെ ചെലവു ചുരുക്കുന്നതിനുപകരം ഭാര്യമാർക്കുകൂടി വിദേശ നാണയം അനുവദിക്കുകയാണ് ചെയ്തിരിക്കുന്നത്. മധുവിധു ആഘോഷിക്കുന്നതിനുള്ളതാണോ വിദേശയാത്രകൾ? ഇത്തരം സൗജന്യങ്ങൾ അനുവദിക്കുന്നതിനുള്ള സാമ്പത്തിക ശേഷി ഈ രാജ്യത്തിനില്ല. കോടിക്കണക്കിനു രൂപയുടെ വിദേശ കടത്തിൽ മുങ്ങിനിൽക്കുകയാണ് രാജ്യം. ഇതറിയാവുന്ന ഗവർമ്മെണ്ടാണ് അനാവശ്യമായ സൗജന്യങ്ങൾ അനുവദിക്കുന്നതെന്ന കാര്യം ആശ്ചര്യകരമായിരിക്കുന്നു. മുതലാളിമാരും ഉയർന്ന ഉദ്യോഗസ്ഥന്മാരും വ്യവസായകാര്യങ്ങൾക്കും ഔദ്യോഗിക കാര്യങ്ങൾക്കും വിദേശത്ത് പോകുമ്പോൾ കുറച്ചു ദിവസം ഭാര്യമാർ നാട്ടിൽ തനിച്ചു കഴിഞ്ഞാൽ കുഴപ്പമൊന്നും വരാനില്ല. ഇവരുടെ ഭാര്യമാർ ആദ്യം സ്വന്തം നാടു തന്നെ ഒന്നു ചുററി നടന്നു കാണട്ടെ.

(ശേഷം 4-ാം പേജിൽ)

# മാർക്സിസ്റ്റ് പാർട്ടിയും മററുകക്ഷികളും

മുസ്ലീംലീഗിന്റെയും കേരളാ കോൺഗ്രസ്സിന്റെയും കാര്യത്തിൽ മാത്രമല്ലാ, ഒരൊററ പാർട്ടിയുടേയും കാര്യത്തിൽ വർഗ്ഗീയ പാർട്ടികളാണെന്ന ഏകകാരണത്താൽ വർജ്ജിക്കുക എന്ന സമീപനം കമ്മ്യൂണിസ്റ്റ് (മാർക്സിസ്റ്റ്) പാർട്ടി അംഗീകരിക്കുകയില്ലെന്ന് ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് വ്യക്തമാക്കിയിരിക്കുന്നു. (ഫെബ്രുവരി 27നു-യിലെ ദേശാഭിമാനി മുഖപ്രസംഗം) ഹൈന്ദവ മേധാവിത്വം സ്ഥാപിക്കാൻ ശ്രമിക്കുന്ന ജനസംഘത്തേയും മററുമെതിർക്കേണ്ട മുസ്ലീം-ക്രിസ്ത്യൻ മതന്യൂനപക്ഷങ്ങൾ ആത്മരക്ഷക്കു വേണ്ടി സംഘടിക്കുകയാണെങ്കിൽ അക്കാരണത്താൽ മാത്രം അവയെ എതിർക്കണമെന്നതിനോട് മാർക്സിസ്റ്റ് പാർട്ടി യോജിക്കുന്നില്ലെന്നും അദ്ദേഹം പറയുന്നു.

അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ സമരങ്ങളോടുള്ള സമീപനം എന്താണെന്നു നോക്കിയാണ്; ദേശീയമാണോ വർഗ്ഗീയമാണോ എന്ന മാത്രം നോക്കിയല്ലാ ഒരോ സംഘടനയേയും മാർക്സിസ്റ്റ് പാർട്ടി വിലയിരുത്തുന്നതത്രെ. ഇത്തരത്തിൽ അല്ലാതെ ഇന്ത്യയിൽ സോഷ്യലിസം പറയുന്ന ഒരു കക്ഷിയ്ക്കും മറെറാരു സമീപനമുള്ളതായിപ്പറഞ്ഞു കേട്ടിട്ടില്ല. പ്രായോഗിക രംഗത്താണ് ഒരോ പാർട്ടിയോടുമുള്ള സമീപനത്തെ പരിശോധിയ്ക്കേണ്ടത്.

മുസ്ലീംലീഗുമായി 1965ൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി മുന്നണിയുണ്ടാക്കിയതിൽ നിന്നു ആർ. എസ്സ്. പി. യും ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയും ഒഴിഞ്ഞു നിൽക്കുകയായിരുന്നു. മുസ്ലീംലീഗ് വർഗ്ഗീയ കക്ഷിയാണെന്ന ആരോപണമാണ് അന്ന് ഈ രണ്ട് കക്ഷികൾ ഉന്നയിച്ചിരുന്നത്. പക്ഷെ നിയമസഭാസ്ഥാനങ്ങൾ കൂടുതൽ നേടണമെങ്കിൽ തങ്ങളുടെ നിലപാട് മാററണമെന്നും മുസ്ലീംലീഗുമായി കൂട്ടുചേരണമെന്നും അവർ മനസ്സിലാക്കി. 1967 ആയപ്പോഴേയ്ക്കും കോൺഗ്രസ്സിതര മുന്നണി എന്ന നിലവരുകയും ചെയ്തു. ബഹുജന പ്രക്ഷോഭണങ്ങളോടുള്ള സമീപനത്തിന്റെ പ്രശ്നം ഒന്നും ഒരിക്കലും ഉണ്ടായിട്ടില്ല എന്നതാണ് യാഥാർത്ഥ്യം.

1962ൽ കക്ഷിവർഗ്ഗീയതകൾക്കെതിരെ ഒന്നിക്കാൻ തയാറുണ്ടോ എന്നു ചോദിച്ചുകൊണ്ട് മുസ്ലീംലീഗിനെ എതിർക്കാൻ തയാറാകുകയും കെ. പി. സി. സി. പ്രസിഡന്റായിരുന്ന സി. കെ. ഗോവിന്ദൻനായർക്കു കത്തയക്കുകയും ചെയ്തയാളാണ് ഇ. എം. എസ്സ്. ഈ നിലപാടിൽ വ്യത്യാസം വന്നതു് കോൺഗ്രസ്സും മുസ്ലീം ലീഗും തമ്മിൽ തെററിയപ്പോഴാണ്. അന്നു കമ്യൂണിസ്റ്റ് പാർട്ടി ഒന്നായിരുന്നു. അതുകൊണ്ടാണു മുസ്ലീം ലീഗിനെ എതിർക്കാൻ തയ്യാറായതെന്ന വാദത്തിന്നു അർത്ഥമില്ല. 1962നു ശേഷം ബഹുജനപ്രക്ഷോഭണത്തോടുള്ള സമീപനത്തിൽ മുസ്ലീംലീഗിന്നു പ്രത്യേകം എന്തെങ്കിലും വ്യത്യാസം വന്നതായി അറിവില്ല.

ഓരോരോകക്ഷിയുമായി കൂട്ടുകൂടുന്നതു് അതുവഴി കൂടുതൽ കൂടുതൽ ആ കക്ഷിയെ ബഹുജനപ്രക്ഷോഭണത്തിന്നു അനുകൂലരാക്കിമാററാൻവേണ്ടി യായിരിക്കണമല്ലൊ. അങ്ങിനെയാണെങ്കിൽ 1967ൽ മാർക്സിസ്റ്റ് പാർട്ടിയുണ്ടാക്കിയ ഐക്യമുന്നണിക്കു ആ ലക്ഷ്യം നേടാൻ സാധിച്ചുവോ? എന്തുകൊണ്ടാണ് മുസ്ലീംലീഗും വലതുകമ്മ്യൂണിസ്റ്റ് പാർട്ടിയും ഐ. എസ്സ്. പി. യും മാർക്സിസ്റ്റുകാരെ ഒററപ്പെടുത്താൻ തയ്യാറായതു്.

ബഹുജനപ്രസ്ഥാനങ്ങൾക്ക് ഏററവും വലിയ എതിരാളി കോൺഗ്രസ്സാണെന്ന നിലയ്ക്ക് മറെറല്ലാകക്ഷികളേയും ഒന്നിപ്പിക്കാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്പാർട്ടി ശ്രമിച്ചുവെന്നു പറയുന്നതിനും അർത്ഥമില്ല. കാരണം മാർക്സിസ്റ്റ് പാർട്ടിയെവിട്ട് സന്ദർഭംകിട്ടിയപ്പോൾ കോൺഗ്രസ്സിന്റെ കൂടെ കൂടാനാണ് ഇന്ത്യയിലെ എല്ലാകക്ഷികളും തയ്യാറാകുന്നതു്. അപ്പോൾ യാഥാർത്ഥ്യംമറെറാന്നാണ്. മാർക്സിസ്റ്റ് പാർട്ടി ഉന്നയിക്കുകയും, അധികാരത്തിൽ എത്തുന്നതിന്ന എളുപ്പവഴിയായി സ്വീകരിക്കുകയുംചെയ്ത ഐക്യമുന്നണി എന്ന തന്ത്രം അവർക്കെതിരായി തിരിഞ്ഞിരിക്കുന്നുവെന്നുള്ളതു. ഇതു മനസ്സിലാക്കി പുതിയ സാഹചര്യത്തിനനുസരിച്ച് എന്തു നിലപാടെടുക്കണമെന്നറിയാതെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ്പാർട്ടി കുഴങ്ങുകയാണ്.

ഇന്നും കോൺഗ്രസ്സിനെതിരായി അവരു പിന്തിരിപ്പന്മാരായ മുസ്ലീംലീഗ്, കേരളാ കോൺഗ്രസ്സ്, ബി. കെ. ഡി., ഡി. എം. കെ., അകാലിദൾ എന്നിവയെയൊക്കെ ഒന്നിപ്പിച്ച് തങ്ങളുടെകൂടെ മാത്രം നിറുത്താൻ കഴിയുമെന്ന വ്യാമോഹത്തിൽ കഴിയുകയാണ് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി. 1967ൽമുസ്ലീം ന്യൂനപക്ഷങ്ങളെ തങ്ങളുടെകൂടെനിർത്തുന്നതിൽ മാർക്സിസ്റ്റ് പാർട്ടി വിജയിച്ചുവെന്നതു് ശരിയാണ്. പക്ഷെ ഇപ്പോൾ ഇന്ദിരാഗാന്ധി മാർക്സിസ്റ്റുകാരെക്കാൾ സമർത്ഥമായി അവരുടെ തന്ത്രം പ്രയോഗിച്ചു തുടങ്ങിയിരിക്കുന്നു. ഇനി മുസ്ലീം ന്യൂനപക്ഷക്കാരുടെ മതപരമായ വികാരങ്ങളെ ചൂഷണംചെയ്യുന്നതിന് ഇന്ദിരാഗാന്ധിയോട് മത്സരിച്ചുവിജയിക്കാമെന്നു ഇ. എം. എസ്സ്. സ്വപ്നം കാണേണ്ടയാവശ്യമില്ല. മുസ്ലീംലീഗിന്റെ കാര്യത്തിലായാലുംകൊള്ളാം, ഡി. എം. കെ. അകാലിദൾ, ബി. കെ. ഡി., ബംഗളാകോൺഗ്രസ്സ്, കേരളാകോൺഗ്രസ്സ് എന്നിവയുടെ കാര്യത്തിലായാലുംകൊള്ളാം കോൺഗ്രസ്സിതരമുന്നണി എന്ന മുദ്രാവാക്യത്തിൽ ഇവയെ തങ്ങളുടെകൂടെ നിർത്താൻ മാർക്സിസ്റ്റ് നേതൃത്വത്തിന്ന സാധ്യമാകുകയില്ല.

തമിഴ്നാട്ടിൽ ഒഴിവുവന്ന ഒരു നിയമസഭാസ്ഥാനത്തേക്കു സ്വന്തം സ്ഥാനാർത്ഥിയെ നിർത്തി മത്സരിക്കാൻ ഡി. എം. കെ. തീരുമാനിച്ചുകഴിഞ്ഞു. എസ്സ്. എസ്സ്. പിക്കാരൻ ജയിച്ചിരുന്ന മണ്ഡലമാണിതു് പഴയ തെരഞ്ഞെടുപ്പു ധാരണകളനുസരിച്ചാണെങ്കിൽ എസ്സ്. എസ്സ്. പിക്കാരന്ന് ഈ സ്ഥാനം നൽകേണ്ടതാണ്. പക്ഷെ ഡി. എം. കെ. അതിന്ന് കൂട്ടാക്കിയില്ല. കോൺഗ്രസ്സിലെ ഭിന്നിപ്പിനെ തുടർന്ന് ഇന്ദിരാഗാന്ധിയുടെനേതൃത്വത്തിലുള്ള കോൺഗ്രസ്സുമായി കൂട്ടുകൂടിയാൽ കൂടുതൽ നേട്ടമുണ്ടാകുമെന്ന് ഡി. എം. കെ. മനസ്സിലാക്കിയതിന്റെ അനന്തരഫലമാണിതു്.

മററുസ്ഥലങ്ങളിലും ഇന്ദിരാഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസ്സുമായി കൂട്ടുചേരുന്നതിനായിരിക്കും മററു രാഷ്ട്രീയകക്ഷികൾക്കു താൽപ്പര്യം. കാരണം കൂടുതൽ അധികാരസ്ഥാനങ്ങൾനേടുന്നതിന്ന അതുവഴിയാണു സാധിക്കുക എന്നതുതന്നെ. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു ഈ സാഹചര്യത്തിൽ എന്തു നിലപാടെടുക്കാൻ കഴിയുമെന്ന ഒരു പുനർചിന്തനംന

(ശേഷം 14-ാം പേജിൽ)

# എഴുതാപ്പുറം

മന്നത്തു് പത്മനാഭൻ മരിച്ച വാർത്തക്കു കേരളത്തിലെ പത്രങ്ങൾ ഒന്നിനോടൊന്നു മത്സരിച്ചാണു് പ്രാധാന്യം നൽകിയതു്. അച്ചുകൂടത്തിലുള്ള അക്ഷരങ്ങൾക്കു് വലുപ്പം പോരാഞ്ഞിട്ടു് പ്രത്യേകം എഴുതി വരച്ചു് ബ്ളോക്കുകൾ എടുത്തു് വലിയ തലക്കെട്ടുകൾ ഉണ്ടാക്കിച്ചിരിക്കണം. 'മനോരമ'യും 'മാതൃഭൂമി'യും 'കേരളകൗമുദി'യും മന്നത്തിന്റെ മരണത്തിനു നേരത്തെ തയ്യാറെടുത്തിരുന്നുവെന്നു വ്യക്തമാണു്. വാർത്താപ്രാധാന്യമുള്ള ആരെങ്കിലും മരിക്കാൻ കിടക്കുന്നുവെങ്കിൽ പത്രസ്ഥാപനങ്ങൾ മുൻകൂട്ടി ജീവചരിത്രവും ചിത്രങ്ങളും എല്ലാം തയ്യാറാക്കിവെക്കുന്നതു് മനസ്സിലാക്കാം. പക്ഷെ പെരുപ്പിച്ചുള്ള സ്തുതികഥകൾ മാത്രം എഴുതി ജനങ്ങളിൽ വർഗ്ഗീയ നേതാക്കൾക്കുകൂടുതൽ മാന്യതയുണ്ടാക്കുന്നതു് എതിർക്കാതെ തരമില്ല.

മന്നത്തു് പത്മനാഭൻ മരിച്ചപ്പോൾ അദ്ദേഹത്തെക്കുറിച്ചു് അതിശയോക്തിയോടെ പുകഴ്ത്തിയെഴുതിയവരാരുംതന്നെ അദ്ദേഹം പരത്തിയ വർഗ്ഗീയവിഷത്തെക്കുറിച്ചു് പറഞ്ഞുകേട്ടില്ല. മരിച്ചവനെക്കുറിച്ചു് നല്ലതുമാത്രം എന്ന അർത്ഥശൂന്യമായ പ്രമാണം കൈക്കൊണ്ടതുകൊണ്ടൊന്നുമല്ലാ എല്ലാ പത്രങ്ങളും യാഥാർത്ഥ്യം മറച്ചുവെച്ചതു്. ഉള്ളിൽകിടക്കുന്ന സാമുദായികചിന്തക്കു മൂടുപടമിടാനുള്ള ശ്രമമായിരുന്നു ഈ കോലാഹലമൊക്കെ. മന്നത്തു പത്മനാഭനെ 'കേരളകൗമുദി'യും 'ദീപിക'യും സ്തുതിക്കുന്നതു് എന്തു് ആത്മാർത്ഥതായോടെയാണു്? മന്നം എന്തെങ്കിലും ഉപകാരം ചെയ്തിട്ടുണ്ടെന്നു് ഇവർക്കു് തോന്നിയിട്ടുണ്ടാകാം. പക്ഷെ മന്നംചെയ്ത ഉപദ്രവങ്ങളെക്കുറിച്ചു് മുമ്പൊക്കെ പലതവണ ഈ പത്രങ്ങൾ മുഖപ്രസംഗങ്ങൾ എഴുതിയിട്ടുള്ളതാണല്ലോ.

കേരളീയ ജീവിതത്തിന്റെ കാപട്യം നിറഞ്ഞ സാമുദായികചിന്തയാണു് പത്രങ്ങളിലെ കോലാഹലം കാണിക്കുന്നതു്. എട്ടുകോളം തലക്കെട്ടുകൾ, പേരിന്റെ ഇരുപുറവുമുള്ള പരസ്യങ്ങൾ വേണ്ടെന്നു വെക്കൽ, ഒരു പേജ്നിറയെ ചിത്രങ്ങൾ, ഡ്രൈവറും വാലിയക്കാരനുമായി നടത്തുന്നഅഭിമുഖസംഭാഷണത്തിന്റെ റിപ്പോർട്ടുകൾ, ആകെപ്പാടെ ബഹളംതന്നെ. 93 വയസ്സായ മന്നത്തു് പത്മനാഭന്റെ മരണം, ഒരത്യാഹിതമെന്നനിലയിൽ പ്രാധാന്യമൊന്നുമുള്ളതല്ല. സാമൂഹ്യജീവിതത്തേയും ആ സംഭവം സാരമായി ബാധിക്കുന്നില്ല. കാരണം കുറേക്കാലമായി മന്നത്തു് പത്മനാഭൻ ഈ രാജ്യത്തു് ഒരു ചലനവും ഉണ്ടാക്കാതായിട്ടു്. പിന്നെ മരിക്കുമ്പോൾ ഇത്രക്കേറെ വാർത്താപ്രാധാന്യമുണ്ടാകുന്നതു് വായനക്കാരുടെ ജിജ്ഞാസ പരിഗണിച്ചാണെന്ന വാദമുന്നയിക്കുന്നെങ്കിൽ അതു് തികഞ്ഞ കാപട്യമായിരിക്കും. ജീവിതകാലത്തു് സമൂഹത്തിനു അദ്ദേഹം ചെയ്തസേവനത്തെഒരുതരത്തിൽപത്രങ്ങൾ അംഗീകരിക്കുകയാണെന്നു അഭിപ്രായമുണ്ടായേക്കാം. സത്യത്തിൽ അതാണോ?

മന്നത്ത് പത്മനാഭനെക്കാൾ സാമൂഹ്യരംഗത്തും രാഷ്ട്രീയരംഗത്തും സാംസ്കാരിക രംഗത്തും എത്രയോ മഹത്തായ സേവനമനുഷ്ഠിച്ചവർക്കു ഇതേ പരിഗണന തന്നെയാണോ കേരളത്തിലെ പത്രങ്ങൾ നൽകിയിട്ടുള്ളതു്? തിരുവിതാംകൂറിലെ രാഷ്ട്രീയ സ്വാതന്ത്ര്യസമരത്തിന്റെ സ്രഷ്ടാവുംമുന്നണിപ്പടയാളിയുമായിരുന്ന സി. കേശവന്റെ ചരമത്തിനു പത്രങ്ങൾ നൽകിയ പ്രാധാന്യവും മന്നത്തു പത്മനാഭന്റെ നിര്യാണത്തിനു നൽകിയ പ്രാധാന്യവും കൂടി താരതമ്യപ്പെടുത്തി നോക്കേണ്ടതാണു്. എന്തിനേറെപ്പറയുന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെയും സ്വാതന്ത്ര്യസമരത്തിന്റെയും മുന്നണിനേതാക്കളിലൊരാളും ഭാരതത്തിന്റെ ഒന്നാമത്തെ രാഷ്ട്രപതിയുമായ ഡോക്ടർ രാജേന്ദ്രപ്രസാദിന്റെ മരണവാർത്ത രണ്ടുകോളം തലക്കെട്ടിൽ കൊടുത്ത പത്രങ്ങളാണു് മന്നം സപ്ലിമെന്റുകൾ തന്നെ ഇറക്കിയിട്ടുള്ളതു്.

മരിക്കുമ്പോൾ ഏതെങ്കിലും ഉന്നതസ്ഥാനം വഹിക്കുന്നയാളാണെങ്കിൽ എത്ര ശുംഭന്മാർക്കും പത്രങ്ങൾ വമ്പിച്ച പ്രാധാന്യം നൽകുന്നതു കാണാം. മന്ത്രിയായിരിക്കെ വി. കെ. വേലപ്പൻ മരിച്ചപ്പോഴും അഹമ്മദ് കുരുക്കൾ മരിച്ചപ്പോഴും ഇതു് പ്രകടമായിക്കണ്ടു. ഇവരെല്ലാം കേരളീയരായതുകൊണ്ടാണു് എന്നാണു് വാദമെങ്കിൽ വിദേശീയരുടെ കാര്യമെടുക്കാം. വിദേശരാജ്യത്തെ രാഷ്ട്രത്തലവന്മാരേയും നേതാക്കളുടേയും മരണവാർത്തക്കും നമ്മുടെ പത്രങ്ങൾ വമ്പിച്ച-പ്രാധാന്യമാണു് കല്പിക്കുന്നതു്. പ്രസിഡന്റ് കെന്നഡിയുടെ മരണത്തിനും കേരളത്തിലെ പത്രങ്ങൾ കോളങ്ങൾ തന്നെ ചെലവഴിച്ചിട്ടുണ്ടു്. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തെ പുഛിക്കുകയും ഗാന്ധിജിയെ അർദ്ധനഗ്നനായ ഫക്കീർ എന്നധിക്ഷേപിക്കുകയും ചെയ്ത അറു പിന്തിരിപ്പൻ സാമ്രാജ്യത്വവാദി വിൻസ്റ്റൺ ചർച്ചിലിന്റെ മരണവാർത്ത സംബന്ധിച്ചു് സപ്ലിമെന്റു പേജുകൾ ചിത്ര സഹിതം പ്രസിദ്ധീകരിച്ചു് അന്താരാഷ്ട്രക്കൂറു കാണിച്ചവയാണു് മലയാളത്തിലെ പ്രമുഖ പത്രങ്ങൾ. ഇതിന്റെയെല്ലാം പിന്നിൽ പത്രാധിപന്മാരുടെയും, പത്രവുടമകളുടേയും അധസ്ഥിത ബോധവും അടിമത്ത ചിന്തയുമാണെങ്കിൽ മന്നത്ത് പത്മനാഭൻ സപ്ലിമെന്റുകൾക്കു പിന്നിൽ വർഗ്ഗീയതയും സാമുദായിക ചിന്തയുമാണെന്നേയുള്ളൂ.

അടുത്ത കാലത്ത് മന്നത്ത്പത്മനാഭൻ പരത്തിയിട്ടുള്ളതു പോലേ വർഗ്ഗീയവിഷം കേരളത്തിൽ മററാരെങ്കിലും പരത്തിയിട്ടുള്ളതായി തോന്നുന്നില്ല. ഇരുപുറവും ക്രിസ്ത്യാനികളുണ്ടെങ്കിൽ രണ്ടു് കാലിലും സർപ്പം ചുററിയിട്ടുണ്ടെന്നു കരുതണമെന്നു ഹിന്ദുമണ്ഡല കാലത്തും പന്നി പെററുപെരുകുന്ന പോലെ നശിച്ച ഈഴവർ പെരുകുന്നുവെന്നു വിമോചന സമരകാലത്തും മന്നത്ത്പത്മനാഭൻ പൊതുവേദികളിൽ നിന്നു പ്രസംഗിച്ചിട്ടുണ്ടു്. ഒരു കാര്യം സമ്മതിക്കണം. ഒളിച്ചു വെക്കാതെയാണു് മന്നം സമുദായിക ചിന്തയും വർഗ്ഗീയതയും പ്രസംഗിച്ചതു്. അക്കാര്യത്തിൽ കാപട്യം കാണിക്കുന്ന പത്രങ്ങളേയും നേതാക്കളേയുംകാൾ മാന്യനാണു് മന്നം.

---

നന്നായി, മനോഹരം, ഇഷ്ടപ്പെട്ടു എന്നിങ്ങനെയുള്ള അഭിപ്രായങ്ങൾ മാത്രം പ്രകടിപ്പിക്കുന്ന കത്തുകൾ കഴിവതും ഒഴിവാക്കണമെന്നു് അഭ്യർത്ഥിക്കുന്നു. വാരികയിൽ വരുന്ന ലേഖനങ്ങളെക്കുറിച്ചു് ഗൗരവപൂർവ്വം നിരൂപണം നടത്തി അഭിപ്രായങ്ങൾ എഴുതി അറിയിക്കണമെന്നാണു് ആഗ്രഹിക്കുന്നതു്. വായനക്കാരുടേയും പൊതുജനങ്ങളുടേയും ശ്രദ്ധയാകർഷിക്കണമെന്നാഗ്രഹിക്കുന്ന സംഭവങ്ങളെക്കുറിച്ചും എഴുത്തുകൾ അയക്കാവുന്നതാണു്. പ്രസിദ്ധപ്പെടുത്താൻ പാടില്ലാത്ത കത്തുകളാണെങ്കിൽ ആ വിവരം പ്രത്യേകം എഴുതിയിരിക്കണം. എല്ലാ കത്തുകളിലും പൂർണ്ണമായ മേൽവിലാസം എഴുതുക.

—പത്രാധിപർ

---

(എഴതാപ്പുറം തുടർച്ച)

കുറെ കോളേജുകളും സ്കൂളുകളും മന്നം മുൻകയ്യെടുത്ത് സ്ഥാപിച്ചുവെന്നൊക്കെ പറയുന്നുണ്ട്. ഉണ്ടായിരിക്കാം. പക്ഷെ അതിന്റെ പിന്നിലെല്ലാംതന്നെ സാമുദായികചിന്ത വളർത്തുന്ന പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ക്രിസ്തീയബിഷപ്പുമാർ സ്കൂളുകളും കോളേജുകളും ഉണ്ടാക്കാൻ വിദേശീയപ്പണം പലതരത്തിൽ പിടുത്തിയെടുത്തിട്ടുള്ളത് മതപ്രചരണത്തിന്റെ പേരിലാണെങ്കിൽ മന്നം നായരെ ഉദ്ധരിക്കുന്നതിന്റെ പേരിലും ക്രിസ്ത്യാനികളേയും ഈഴവരേയും ചെറുക്കുന്നതിന്റെ പേരിലുമാണ് ആളുകളിൽനിന്നു പണം പിരിച്ചെടുത്തിട്ടുണ്ടത്. ഇതൊക്കെച്ചെയ്ത കാലഘട്ടം ഏതാണെന്നു ഓർക്കണം. ഇന്ത്യ ഒട്ടാകെ രാഷ്ട്രീയസ്വാതന്ത്ര്യസമരം കൊടുമ്പിരിക്കൊണ്ടിരിക്കുമ്പോഴും കേരളത്തിൽ ശ്രീനാരായണഗുരുവിന്റെ സന്ദേശം പ്രചരിപ്പിച്ചുതുടങ്ങിയകാലത്തുമാണ് മന്നം സാമുദായിക പ്രവർത്തനം നടത്തിയത്. 'മതമേതായാലും മനുഷ്യൻനന്നായാൽമതി'യെന്നുവരെയെങ്കിലും ശ്രീനാരായണഗുരു പറഞ്ഞുപ്രചരിപ്പിച്ചിരുന്നു. ഒരുപക്ഷെ, ശ്രീനാരായണസന്ദേശത്തേക്കാൾ സാമുദായിക ചിന്തതന്നെയാണ് കേരളത്തിൽ മുന്നിട്ടുനിൽക്കുന്നതെന്നാണ്, മന്നത്തിനു കിട്ടുന്ന പ്രചരണത്തിൽനിന്നു മനസ്സിലാക്കേണ്ടത്.

അത് മറച്ചുപിടിക്കുന്നതിനുവേണ്ടി വിദ്യാലയസ്ഥാപനങ്ങളുടേയും സാമുദായികപരിഷ്ക്കരണത്തിന്റേയും കഥകൾ എഴുന്നുള്ളിക്കുകയാണ്. സർവ്വകലാശാലകൾതന്നെ സ്ഥാപിച്ചിട്ടുള്ളവർ ഇന്ത്യയിൽ കുറേപ്പേരുണ്ട്. കെ. എം. മുൻഷിയെപ്പോലെ ചിലർ ഇന്നും ജീവിച്ചിരിപ്പുണ്ട്. അലിഗാർ സർവ്വകലാശാല, അണ്ണാമല സർവ്വകലാശാല, പിലാനിയിലെ കോളേജുകൾ എന്നിവയൊക്കെ വ്യക്തികളോ സംഘടനകളോ ഉണ്ടാക്കിയവയാണ്. മന്നത്ത് പത്മനാഭന്റെ വിദ്യാലയങ്ങൾ പണംപിരിച്ചെടുത്തുണ്ടാക്കിയതാണെന്നും മറേറതൊക്കെ പണക്കാർ സഹായംനൽകിയ സംഭാവനയാണെന്നും വാദിച്ചേക്കാം. വല്ലവരും കൊള്ളലാഭമെടുത്തും കള്ളക്കച്ചവടം നടത്തിയും വിദ്യാലയങ്ങൾ സ്ഥാപിച്ചപ്പോൾ മന്നത്തു പത്മനാഭൻ വർഗ്ഗീയവികാരം ചൂഷണംചെയ്ത് വിദ്യാലയങ്ങൾ ഉണ്ടാക്കിയെന്നേയുള്ളു. അതിൽ മഹത്വമൊന്നുമില്ല. കെ. എം. മുൻഷിയോ ഡോക്ടർ രാധാകൃഷ്ണനോ മരിച്ചാൽ ഇന്ത്യയിലൊരു പത്രവും കേരളത്തിൽ മന്നത്തിന്റെ മരണത്തിനു നൽകിയതുപോലെ പ്രാധാന്യം നൽകാൻപോകുന്നില്ല.

പ്രസിഡണ്ട് ഗിരി മുതൽ മുഖ്യമന്ത്രി അച്യുതമേനോൻവരെ അനുശോചനസന്ദേശം പതിവുപോലെ നൽകിയിട്ടുണ്ട്. വിമോചനസമരംനടത്തി, കേന്ദ്രഗവർമ്മെണ്ട് ആദ്യത്തെ കമ്മ്യൂണിസ്റ്റ്മന്ത്രിസഭയെ പിരിച്ചുവിട്ടപ്പോൾ സെക്രട്ടേറിയറ്റിൽനിന്നു ഇറങ്ങിപ്പോകാൻ കൂട്ടാക്കാത്തയാളാണ് അന്നു ധനകാര്യമന്ത്രിയായിരുന്ന അച്യുതമേനോൻ എന്നുകേട്ടിട്ടുണ്ട്. അച്യുതമേനോന്റെ പാർട്ടിയുടെ പത്രമായ 'ജനയുഗ'വും മന്നം മരണത്തിനു വെണ്ടയ്ക്കാ നിരത്താൻ മറന്നിട്ടില്ല. ഇക്കാര്യത്തിൽ 'ദേശാഭിമാനി' കാണിച്ച ഔചിത്യത്തെ അഭിനന്ദിക്കണം.

പത്രങ്ങളിൽ സാമുദായികനേതാക്കൾക്കു കൊടുക്കുന്ന മാന്യതക്കും പ്രാധാന്യത്തിനും അറുതിവരുത്തേണ്ടിയിരിക്കുന്നു.

X X X X X X

നക്സൽബാരി നേതാവ് വർഗ്ഗീസിന്റെ മരണത്തേക്കുറിച്ചു ജൂഡീഷ്യൽ അന്വേഷണം നടത്തണമെന്നു 'ദേശാഭിമാനി' ആവശ്യപ്പെട്ടിരിക്കുന്നു. മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് ഇ. എം. എസ്സും ഇതേ ആവശ്യം ഉന്നയിച്ചിരിക്കുന്നതായി വായിച്ചു. ജൂഡീഷ്യൽ അന്വേഷണത്തിൽ വിശ്വാസമില്ലെന്ന് ഒരുവശത്ത് പ്രചരിപ്പിക്കുകയും മറുവശത്ത് എന്തിനും ജൂഡീഷ്യൽ അന്വേഷണം നടത്തണമെന്നു വാശിപിടിക്കുകയും ചെയ്യുന്നത് അപലപിക്കാതെ തരമില്ല. ജൂഡീഷ്യറിയുടെ മുമ്പിൽ രാഷ്ട്രീയനേതാക്കൾക്കുള്ള അപകർഷതാബോധമാണ് ഈയാവശ്യങ്ങളിലൂടെ പുറത്തു ചാടുന്നത്. നിഷ്പക്ഷമായ അന്വേഷണം നടത്താൻ ജൂഡീഷ്യറിക്കല്ലാതെ സാദ്ധ്യമല്ലേ? പൌരാവകാശങ്ങളുടെ പ്രശ്നങ്ങളും രാഷ്ട്രീയ പ്രശ്നങ്ങളും അന്വേഷിക്കുന്നതിനു വേണ്ട വിവരമോ കഴിവോ ഇന്ത്യയിലെ ജൂഡീഷ്യൽ ഉദ്യോഗസ്ഥന്മാർക്കുണ്ടായിട്ടില്ല. എന്തുകൊണ്ട് നിയമസഭയിലെ എല്ലാ കക്ഷികളും ഉൾപ്പെട്ട ഒരു കമ്മിററി അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ടുകൂടാ. കക്ഷിപരിഗണനവെച്ച് മാത്രം അഭിപ്രായങ്ങൾ പുറപ്പെടുവിക്കുന്നത് നിർത്തി രാജ്യത്തിലെ പൌരാവകാശപ്രശ്നത്തെക്കുറിച്ചു പറയാൻ തങ്ങൾ അർഹരാണെന്ന ബോധത്തോടെ രാഷ്ട്രീയനേതാക്കളും നിയമസഭാസാമാജികരുംമുന്നിട്ട്ഇറങ്ങേണ്ടസമയമാണിത്. വർഗ്ഗീസിന്റെ മരണത്തെക്കുറിച്ച് നിയമസഭാകമ്മിററി അന്വേഷിക്കണമെന്ന് മാനന്തവാടിബ്ളോക്ക് യൂത്ത്കോൺഗ്രസ് കമ്മിററി പ്രമേയം പാസ്സാക്കിയിട്ടുള്ളതായി വാർത്തകണ്ടു. ആരോഗ്യകരമായ ഒരു പ്രവണതയാണിത്. യൂത്ത്കോൺഗ്രസ്സ് കമ്മിററിയെ അഭിനന്ദിക്കണം.

## കുറിപ്പുകൾ

(1-ാംപേജ് തുടർച്ച)

അനുവദിച്ചിട്ടുള്ള സൌജന്യങ്ങളും ചില്ലറയല്ല. കഴിഞ്ഞകാലത്ത് നൽകിയിരുന്ന 75 രൂപയുടെ സ്ഥാനത്ത് 750 രൂപയുടെ വിദേശനാണയമാണ് നൽകുന്നത്. യാത്രയുടെ ആവശ്യംകഴിഞ്ഞാലും 15 ദിവസം ചുററിയടിക്കാൻ സൌകര്യം കൊടുത്തിട്ടുമുണ്ട്. ഇതുകൊണ്ട് നാടിനു എന്താണു നേട്ടം? സാധാരണക്കാരന്റെകടബാദ്ധ്യത വർദ്ധിപ്പിക്കുന്നതിനു കുറെ പണക്കാർക്കും ഐ. എ. എസ്.കാർക്കും വിനോദയാത്രക്കും ആഡംബരങ്ങൾക്കും പണംകൊടുക്കേണ്ട കാര്യമില്ല. എന്തിനും വിദേശസാധനമെന്ന തോന്നലുണ്ടാക്കലും അടിമത്വബോധമുണ്ടാക്കലുമാണ് ഇതിന്റെയൊക്കെ അനന്തരഫലം. ഇതിനകംതന്നെ ഇമ്പാലകാറുകളില്ലാതെ, പൊതുമേഖലാതലവന്മാർക്ക് സഞ്ചരിക്കാൻ സാദ്ധ്യമല്ലെന്ന നിലയായിട്ടുണ്ട്.

സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ സൃഷ്ടിക്കുന്നതിനു വേഗത കൂട്ടുന്നുവെന്നാണല്ലോ ഇന്നത്തെ ഭരണാധികാരികൾ അവകാശപ്പെടുന്നത്? വിദേശയാത്രാസൌജന്യങ്ങൾ വർദ്ധിപ്പിച്ച് മുതലാളിമാരേയും ഉദ്യോഗസ്ഥമേധാവിത്വത്തേയും താലോലിച്ചുകൊണ്ട് എങ്ങിനെയാണ് ലക്ഷ്യം നേടാൻപോകുന്നതെന്നു മനസ്സിലാകുന്നില്ല. ചില രംഗങ്ങളിൽ ഉണ്ടായ ദേശസാൽക്കരണത്തിൽ അതൃപ്തരായ മുതലാളിവർഗ്ഗത്തേയും ഉദ്യോഗസ്ഥമേധാവികളേയും തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി വിദേശക്കടം വർദ്ധിപ്പിക്കുന്ന സൌജന്യങ്ങൾ അനുവദിക്കുന്നത് രാജ്യത്തെ നാശത്തിലേക്കു നയിക്കുകയേയുള്ളു.

'നിർണ്ണയം' വാരികയുടെ വരിക്കാരാവുന്നതിനും ഏജൻസി വ്യവസ്ഥകൾക്കും എഴുതേണ്ട മേൽവിലാസം

മാനേജർ 'നിർണ്ണയം'
കോൺവെൻറ് റോഡ് കൊച്ചി-11
വാർഷികവരിസംഖ്യ 16 ക
അർദ്ധവർഷത്തേക്ക് 8 ക.

**കാഴ്ചപ്പാടുകൾ**

# ഡി. എം. കെ.യും പ്രാദേശിക സ്വയംഭരണവും

**രാജൻ**

തമിഴ്നാട്ടു് മുഖ്യമന്ത്രി കരുണാനിധി ദ്രാവിഡമുന്നേററകഴകത്തിനു പുതിയൊരു ലക്ഷ്യം കണ്ടെത്തിയിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് കൂടുതൽ സ്വയം ഭരണാധികാരം വേണമെന്ന വാദം ഡി. എം.കെ. ഉന്നയിക്കുമെന്നു കരുണാനിധി തിരുച്ചിറപ്പള്ളിയിൽവെച്ചു് പ്രഖ്യാപിച്ചിരിക്കുന്നു. ഡി. എം. കെ. നേതാവിൻെറ പ്രഖ്യാപനമുണ്ടായിട്ടുള്ളതു് കേന്ദ്രത്തിൽ ഒരു ഏക കക്ഷി ഭരണത്തിനുള്ള സാദ്ധ്യത ഇല്ലാതായിവരുന്ന സന്ദർഭത്തിലാണെന്നതു് പ്രത്യേകം ഓർക്കണം. മുഖ്യമന്ത്രിയോടൊപ്പം തെരഞ്ഞെടുക്കപ്പെടുന്ന രണ്ടു സംസ്ഥാനപ്രതിനിധികൾ വീതം ഉൾപ്പെട്ട കൌൺസിലാണ് കേന്ദ്രഭരണം നടത്തേണ്ടതെന്നാണ് കരുണാനിധിയുടെനിർദ്ദേശം. കേന്ദ്രഗവർമ്മെണ്ടിനു ഏതെല്ലാം അധികാരങ്ങൾ ഉണ്ടായിരിക്കണമെന്നോ, സംസ്ഥാന വർമ്മെണ്ടുകൾക്കു ഇന്നുള്ളതിൽ കൂടുതലായി എന്തെല്ലാം അധികാരങ്ങൾ വേണമെന്നോ, അദ്ദേഹം വ്യക്തമാക്കിയിട്ടില്ല.

ഡി. എം. കെയുടെ അഭിപ്രായങ്ങളിൽ വന്നുകൊണ്ടിരിക്കുന്ന മാററങ്ങൾ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. തമിഴ്നാട് ഭരിക്കുന്ന കക്ഷിയാണല്ലോ ദ്രാവിഡമുന്നേററകഴകം. ദക്ഷിണേന്ത്യയിലെ നാലു് സംസ്ഥാനങ്ങൾ ചേർന്നു ഇന്ത്യയിൽനിന്നുവേർപെട്ടു ദ്രാവിഡനാട് സ്ഥാപിക്കണമെന്നതായിരുന്നു ഡി. എം. കെയുടെ ആദ്യലക്ഷ്യം. പിന്നീടു് ഡി. എം. കെ. വിഘടനാവാദം ഉപേക്ഷിച്ചു. കേരളത്തിലും മൈസൂരിലും ആന്ധ്രയിലും ഡി. എം. കെക്കു കാര്യമായ പിന്തുണയൊന്നും ലഭിക്കാത്തതുകൊണ്ടായിരിക്കണം ആ പാർട്ടി വിഘടനാവാദം ഉപേക്ഷിക്കാൻ നിർബ്ബന്ധിതമായതു്. ഇന്നു കേന്ദ്രത്തെ ഭീഷണിപ്പെടുത്തി കൂടുതൽകൂടുതൽ ആനുകൂല്യങ്ങൾ നേടുന്നതിനുള്ള ഉപാധിയെന്നതിൽ കവിഞ്ഞു് ഡി. എം. കെ. വിഘടനാവാദത്തിനു പ്രാധാന്യം നൽകുന്നില്ല. എന്തൊക്കെപ്പറഞ്ഞാലും ആ കക്ഷി തമിഴ്നാട്ടിനകത്തു് ഒതുങ്ങിനിൽക്കുന്ന ഒരു സംസ്ഥാന കക്ഷിമാത്രമായിരിക്കുന്നു. മൈസൂരിലും കേരളത്തിലും ആ കക്ഷിക്കുള്ള ചില യൂണിററുകൾ കേവലം പരസ്യപ്പലകകളിൽ കവിഞ്ഞൊന്നുമല്ല.

പക്ഷേ ഡി. എം. കെ. തമിഴ്നാട്ടിൽ ഏററവും സ്വാധീനശക്തിയുള്ള കക്ഷിയാണ്. ഭരണകക്ഷിയാണ്. പ്രാദേശികസ്വയംഭരണവാദം വേണമെന്നു ഡി. എം.കെ. പറയുമ്പോൾ മററുകക്ഷികൾക്കു് തങ്ങളുടെ സമീപനമെന്താണെന്നു വ്യക്തമാക്കാതെ തരമില്ല. പോരാത്തതിനു് ഡി. എം. കെ. പഞ്ചാബിലെ അകാലിദളിനേയും കൂട്ടുപിടിച്ചിട്ടുണ്ടു്. പഞ്ചാബ് മുഖ്യമന്ത്റി ഗുർണാംസിംഗ് ഡി. എം. കെയുടെ തിരുച്ചിറപ്പള്ളി ജില്ലാ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു. പ്രാദേശികകക്ഷികൾക്കു കൂടുതൽ പങ്കു് ഭാവിയിൽ വഹിക്കാനുണ്ടെന്ന അഭിപ്രായക്കാരനാണ് ഗുർണാംസിങ്ങ്. സംസ്ഥാനങ്ങളിൽ ഭരണകക്ഷികളായിത്തീർന്നുകൊണ്ടിരിക്കുന്ന ഈ പ്രാദേശിക കക്ഷികൾ ഉന്നയിക്കുന്ന സ്വയംഭരണവാദത്തോടു്—ദേശീയാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന രാഷ്ട്രീയകക്ഷികളുടെ സമീപനം എന്തായിരിക്കണം.

ഈ ചോദ്യത്തിനു ഉത്തരം പറയുന്നതിനു് ഡി.എം.കെ.യുടേയും അകാലിദളിൻേറയും രാഷ്ട്രീയസ്വഭാവം പരിശോധിച്ചുനോക്കേണ്ടിയിരിക്കുന്നു. ഇന്നു പല മുതലാളിത്ത പത്രങ്ങളുടേയും സാമുദായികപത്രങ്ങളുടേയും പ്രശംസ ലഭിച്ചുകൊണ്ടിരിക്കുന്ന കക്ഷിയാണ് ഡി. എം. കെ. സിനിമയും ഭാഷാകമ്പവും കഴിഞ്ഞാൽ വ്യക്തമായൊരു പരിപാടിയും ഡി. എം. കെ.ക്കില്ല. ഇന്ത്യയിലെ കുഴഞ്ഞുമറിഞ്ഞ രാഷ്ട്രീയ–സാമൂഹ്യഘടനയിൽ ഡി. എം. കെ.യും വലിയൊരു വൈചിത്ര്യം മാത്രമാണ്. അതിനെ ശാശ്വതസ്വഭാവമുള്ള ഒരു രാഷ്ട്രീയ പ്രതിഭാസമായിക്കാണുകവയ്യ. ഹിന്ദിവിരോധവും ബ്രാഹ്മണവിരോധവും തമിഴ്കമ്പവും പ്രാസപ്രസംഗവും പ്രതിമാസ്ഥാപനപരിപാടിയും അവസാനമായി അണ്ണാസ്മരണകളും ചേർന്നു കുഴഞ്ഞുമറിഞ്ഞതാണ് ഡി.എം.കെ.എന്ന സത്വം. വളർച്ചയെത്തിയ ഒരു രാഷ്ട്രീയ കക്ഷിയാണെന്നു അഭിനയിച്ചുഫലിപ്പിക്കാൻവേണ്ടി 'അണ്ണ'നൽകിയ ജനാധിപത്യം – സോഷ്യലിസം – സെക്കലറിസം എന്നീ തത്വങ്ങളാണ് തങ്ങൾക്കുള്ളതെന്നു ഡി.എം.കെ.യുടെസിനിമാനേതാക്കൾപറഞ്ഞുതുടങ്ങിയിട്ടുണ്ടു്. നാളെ ഒരുപക്ഷെ അകാലിദളും ഇതൊക്കെയാണ് തങ്ങളുടെ ലക്ഷ്യങ്ങൾ എന്നു പറഞ്ഞേക്കാം. സിക്കുകാരുടെ വർഗ്ഗീയതയും പഞ്ചാബിഭാഷാകമ്പവും ചേർന്നുണ്ടായ അകാലിദളും ഡി. എം. കെ.യും തമ്മിൽ രാഷ്ട്രീയസ്വഭാവത്തിൽ വലിയവ്യത്യാസമൊന്നുമില്ല.

## സാമ്പത്തികവീക്ഷണമില്ല

സാമ്പത്തിക സമീപനങ്ങളിലും ഈ രണ്ടു് പ്രാദേശികകക്ഷികൾക്കും വ്യക്തമായ വീക്ഷണമൊന്നുമില്ല. അപ്പഴപ്പോൾ തോന്നുന്നതനുസരിച്ചു് എന്തെങ്കിലും പരിപാടി സ്വീകരിക്കുകയെന്നതാണ് ഇവയുടെ നയം. മദ്രാസ്സ്, കോയമ്പത്തൂർ പട്ടണങ്ങളിൽ ഒരുറുപ്പികക്കു ഒരു പടി യരിയെന്നോ അല്ലെങ്കിൽ സേലത്തു് ഒരു ഉരുക്കുമില്ല് സ്ഥാപിക്കുക എന്നോ ഉള്ള പരിപാടിയിൽ കവിഞ്ഞൊട്ടുപോകുകയുമില്ല. അതിൽ അത്ഭുതത്തിനവകാശമില്ല. ഡി. എം. കെ. യുടെ ജനനവും പ്രവർത്തനവും അത്തരത്തിലാണ്. ബ്രാഹ്മണവിരോധത്തിൻേറയും ഉത്തരേന്ത്യൻ വിരോധത്തിൻേറയും തണലിൽ വളർന്ന പാർട്ടിയാണ് ഡി. എം. കെ. എന്നു നേരത്തെ പറഞ്ഞുവല്ലോ. ഈ രണ്ടു ലക്ഷ്യങ്ങളും തന്നെ പ്രധാന മുദ്രാവാക്യമാക്കി പ്രവർത്തിച്ചിട്ടുള്ള നേതാവ് ദ്രാവിഡകഴകം നേതാവായ ഇ. വി. രാമസ്വാമി നായ്ക്കരാണ്. അദ്ദേഹം പ്രായം കുറഞ്ഞ ഒരു പെൺകുട്ടിയെ വിവാഹം കഴിച്ചതിൽ പ്രതിഷേധിച്ചു് ദ്രാവിഡകഴകക്കാരായ യുവാക്കൾ ചേർന്നു ഉണ്ടാക്കിയതാണ് ഡി. എം. കെ. മുന്നേററ കഴകത്തിൻെറ പരമാചാര്യനായ അണ്ണാദുരക്കു സോഷ്യലിസത്തെക്കുറിച്ചോ മദിരാശി പട്ടണത്തിനപ്പുറത്തുള്ള കാര്യങ്ങളെക്കുറിച്ചോ വലിയ വിവരമൊന്നുമുണ്ടായിരുന്നില്ല. ബ്രിട്ടൺ ഇന്ത്യ വിട്ടുകയാണെങ്കിൽ തന്നെ, മദ്രാസ്സ് സംസ്ഥാനത്തിൽ നിന്നു വിട്ടുപോകാൻ അനുവദിക്കുകയില്ലെന്നു സ്വാതന്ത്ര്യത്തിനു തൊട്ടുമുമ്പും പ്രമേയം അവതരിപ്പിച്ചയാളാണ്. ഇന്ത്യാ ഗവർമെണ്ടു് തപാൽ മുദ്രയിറക്കി ബഹുമാനിച്ച ഡി. എം. കെ. നേതാവ് അണ്ണാദുരൈ. എം. ജി.രാമചന്ദ്രൻ റബ്ബർപുലിയും സിംഹവുമായി ഗുസ്തിപിടിക്കുന്നതു് സിനിമയിൽ കണ്ടു് കയ്യടിക്കുന്ന തമിഴന്മാർ അണ്ണായുടെ തമിഴ് വാചകമടിക്കും കയ്യടിക്കുകയും ചെയ്തുവെന്നല്ലാതെ മറെറാന്നുമില്ല. പാർലിമെൻററി ജനാധിപത്യരാജ്യങ്ങളിൽ ഇടക്കിടെ ഇങ്ങനെ ചില പുറംമോടിക്കാർ മഹാനേതാക്കളായി വാഴ്ത്തപ്പെടാറുണ്ടു്. ധനികനായ യുവസുന്ദരൻ ജോൺ കെന്നഡി

യും, പ്രാസം വെച്ച് പ്രസംഗിക്കുകയും ജനങ്ങളുടെ വികാരങ്ങൾ ഇളക്കിവിടുന്ന തമിഴ് പുരാണം പറയുകയും ചെയ്യുന്ന ഒരു മോടിക്കാരനായിരുന്നു അണ്ണാദുരൈ. അതുകൊണ്ട് അണ്ണാദുരൈക്ക ഡി. എം. കെ. ക്കു നൽകാനായി ഒരു സന്ദേശവും ഉണ്ടായിരുന്നില്ല. അണ്ണാദുരൈ സോഷ്യലിസം നൽകിയെന്നു കരുണാനിധി പറഞ്ഞതുകൊണ്ടായില്ലല്ലോ. സ്വതന്ത്രാ പാർട്ടിനേതാവായ രാജാജിയുടെ നല്ല പിള്ളയായിരുന്നു അണ്ണാദുരൈ. സ്വതന്ത്രാപാർട്ടിക്ക അപ്രിയം തോന്നുന്ന കാര്യങ്ങളൊന്നും അദ്ദേഹം ചെയ്തിട്ടില്ല. സ്വർണ്ണകിരീടമണിഞ്ഞ തിരനാടകമെഴുത്തുകാരൻ കരുണാനിധിയുടേയും സാമ്പത്തികാചാര്യൻ രാജാജിതന്നെയാണ്. റിട്ട. ജഡ്ജിയായ സിക്ക് വർഗ്ഗീയവാദി ഗുർണാംസിങ്ങിന്റെ നേതൃത്വത്തിലുള്ള അകാലിദളത്തിന്റേയും പ്രധാന കൂട്ടാളി ജനസംഘമാണ്. പുരോഗമനമഭിനയിക്കാൻ വെമ്പുന്ന ഈ പഴഞ്ചരക്കുകളുടെ സാമ്പത്തികവീക്ഷണം എന്തായിരിക്കുമെന്നു പറയേണ്ടതില്ല.

സാമ്പത്തിക വീക്ഷണം പരിഗണിക്കാതെ കേവലം കോൺഗ്രസ്സ് വിരോധം കൊണ്ടും താൽക്കാലികമായി നിയമസഭയിലും പാർലമെന്റിലും ഒന്നുരണ്ടു സ്ഥാനങ്ങൾ കൂടുതൽ നേടുന്നതിനു വേണ്ടിയും ഇന്ത്യയിലെ സോഷ്യലിസ്റ്റ് കക്ഷികളും കമ്യൂണിസ്റ്റ് കക്ഷിപോലും മാന്യത നൽകി വളർത്തിയവയാണ് ഡി. എം. കെ. അകാലിദൾ എന്നിവയെപ്പോലുള്ള പ്രാദേശിക സംഘടനകൾ. മൂക്കിനപ്പുറം കാണാൻ കഴിവില്ലാത്ത ഈ പഴഞ്ചരക്കുകൾ ഇന്നു രാജ്യത്തിന്റെ ഭാവിയെത്തന്നെ ഭീഷണിപ്പെടുത്താൻ തുടങ്ങിയിരിക്കുന്നു. എസ്സ്. എസ്സ്. പി. യും മാർക്സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയും മററും ഡി. എം. കെ. യു മായി ഐക്യമുന്നണിയുണ്ടാക്കിയിരുന്നു. ചാണ്ഡിഗർ പ്രശ്നത്തിലും മററും ഈ കക്ഷികൾ വ്യക്തമായ അഭിപ്രായ പ്രകടനം നടത്താതിരുന്നതും അകാലിദളിനെ ഭയന്നാണെന്നതാണ് യാഥാർത്ഥ്യം.

## ഇടതുപക്ഷക്കാർ പ്രോത്സാഹിപ്പിക്കുന്നു

ഇടതുപക്ഷകക്ഷികൾ എന്നവകാശപ്പെടുന്ന കമ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും അഖിലേന്ത്യാ വീക്ഷണത്തോടെ രാഷ്ട്രീയ പ്രശ്നങ്ങളെക്കാണാൻ ഇതേവരെ കൂട്ടാക്കിയിട്ടില്ല. ദ്രാവിഡ മുന്നേററകഴകത്തിന്റെ ഹിന്ദി വിരോധത്തിനും കമ്യൂണിസ്റ്റ് പാർട്ടിയും സ്വതന്ത്രാ പാർട്ടിയും ഒരുപോലെ കൂട്ടുനിന്നു. മഹാരാഷ്ട്രയിൽ ശിവസേനയെ വളർത്തിയതു് വാസ്തവത്തിൽ സംയുക്തമഹാരാഷ്ട്രസമിതിയാണ്. ഇന്നും മൈസൂർ മഹാരാഷ്ട്ര അതിർത്തി പ്രശ്നത്തെച്ചൊല്ലി കലഹമുണ്ടാക്കാൻ മഹാരാഷ്ട്രസമിതി ശ്രമിക്കുകയാണ്. സോഷ്യലിസ്റ്റുകാരും കമ്യൂണിസ്റ്റുകാരുമാണ് ഈ സമിതിയുടെ പിന്നിലുള്ളതു്. പ്രാദേശികമായ വികാരങ്ങളെ ഇളക്കിവിട്ട് അശാസ്ത്രീയമായ വീക്ഷണം ജനങ്ങളിൽ ഉണ്ടാക്കിയതിൽ ഇടതുപക്ഷകക്ഷികൾക്കുള്ള പങ്കും നിഷേധിക്കാനാവില്ല. തീർച്ചയായും കോൺഗ്രസ്സും അതിൽ പങ്കുവഹിച്ചിട്ടുണ്ട്. പക്ഷെ പ്രാദേശികമായി തങ്ങളുടെ സ്വാധീനം നഷ്ടപ്പെടാതിരിക്കുന്നതിനുള്ള ഒരു പരിരക്ഷാമാർഗ്ഗമെന്ന നിലക്കാണ് സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ആദ്യമായി കോൺഗ്രസ്സിനു ഈ നിലപാടു സ്വീകരിക്കേണ്ടി വന്നതു്. കേന്ദ്രത്തിലും മിക്ക സംസ്ഥാനങ്ങളിലും കോൺഗ്രസ്സ് തന്നെയാണ് ഭരണത്തിലിരുന്നതെന്നതു കൊണ്ടു്, കോൺഗ്രസ്സ് വിരോധം പ്രധാന മുദ്രാവാക്യമാക്കിയ ഇടതുപക്ഷ കക്ഷികൾ വലതുപക്ഷപിന്തിരിപ്പൻ പ്രാദേശിക കക്ഷികളുമൊത്തു ചേർന്നു് പ്രാദേശികതത്വത്തിലധിഷ്ഠിതമായ വാദങ്ങൾ പലതവണ ഉന്നയിച്ചിട്ടുണ്ട്. സംസ്ഥാനങ്ങളിൽ വ്യത്യസ്തകക്ഷികൾ അധികാരത്തിൽ വന്നതോടെ ഇതിന്റെ പരിണിതഫലമായി പല വൈരുദ്ധ്യങ്ങളും ഇടതുപക്ഷ കക്ഷികളിൽ കടന്നു കൂടുകയും ചെയ്തു.

ബോംബെയിൽ തങ്ങൾതന്നെ വളർത്തിയ സംയുക്തമഹാരാഷ്ട്രസമിതിയുടെ സന്തതിയായ ശിവസേന ദക്ഷിണേന്ത്യക്കാർക്കെതിരായി ആക്രമണങ്ങൾനടത്തുമ്പോൾ ഇ. എം. എസ്സും., കരുണാനിധിയും ഒരേ സ്വരത്തിൽ സുശക്തമായ കേന്ദ്രനടപടികൾക്കുവേണ്ടി വാദിക്കുന്നതു് കേൾക്കാം. ശിവസേനയുടെ ആക്രമങ്ങൾക്കെതിരായി മൈസൂർ നിയമസഭ പ്രമേയംതന്നെ പാസാക്കി. പ്രാദേശികാടിസ്ഥാനത്തിൽ നിയമനങ്ങളും മററും നടത്തണമെന്ന വാദം ശിവസേന ഉന്നയിക്കുന്നതിനെ കുററപ്പെടുത്തുന്ന ഐക്യമുന്നണിക്കാർ ഭരിക്കുന്ന ബംഗാളിൽ ഇതേവാദം ശക്തി കൂടിവരികയാണ്. അതേസമയംതന്നെ ബംഗാളികൾക്കെതിരെ ഒറീസ്സയിലും ആസ്സാമിലും ലച്ചിത്സേനയും മററും ആക്രമണങ്ങൾ നടത്തുകയും ചെയ്യുന്നു. മാർക്സിസ്റ്റ്കമ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള ബംഗാളിൽതന്നെ ബംഗാളികളും ഗൂർഖകളും തമ്മിൽ വർഗ്ഗീയലഹളകളുണ്ടാകുന്നു. തമിഴ്നാട്ടിൽ മലയാളികൾക്കെതിരായി പ്രക്ഷോഭണമുണ്ടാകുന്നു. ബാംഗളൂരിൽ തമിഴന്മാർക്കെതിരെ കന്നടക്കാർസമരത്തിനൊരുങ്ങുന്നു. ആന്ധ്രയിൽ പ്രത്യേക തെലുങ്കാനാസംസ്ഥാനവാദത്തിന്റെപേരിൽ തീവെപ്പും ആക്രമങ്ങളുമുണ്ടാകുന്നു.

## സംസ്ഥാനങ്ങൾക്കകത്തു് സംസ്ഥാനം

ഇതെല്ലാം സൂചിപ്പിക്കുന്നതു് പ്രാദേശികമായ സ്വയംഭരണവാദം വീണ്ടും സങ്കുചിതമായ വാദങ്ങൾക്കും വഴക്കുകൾക്കും ഇടയാക്കുമെന്നാണ്. അതോടൊപ്പം സുശക്തമായ കേന്ദ്രത്തിന്റെ ആവശ്യവും സമ്മതിക്കപ്പെടുന്നു. ഇന്ത്യയിൽ ഭാഷാപരമായ ഭിന്നതകളും അതിനിടയിൽ ജാതിയുടേയും മതത്തിന്റേയും അടിസ്ഥാനത്തിലുള്ള ഭിന്നതകളും കൂടിക്കുഴഞ്ഞു കിടക്കുകയാണ്. സ്വയംഭരണവാദങ്ങൾക്കുവേണ്ടിയുള്ള പ്രക്ഷോഭണങ്ങളെ പ്രോത്സാഹിപ്പിച്ച് പ്രോത്സാഹിപ്പിച്ച് പല സംസ്ഥാനങ്ങളിലും സംസ്താനങ്ങൾക്കുള്ളിൽസംസ്ഥാനങ്ങൾ ഉണ്ടായിക്കഴിഞ്ഞു. നാഗാലാണ്ട്, മേഘാലയ എന്നിവയാണ് അതിന്റെ ഉദാഹരണങ്ങൾ. ഗുജറാത്തിൽ ആദിവാസി സംസ്ഥാനം വേണമെന്നവാദം തലപൊക്കിത്തുടങ്ങിക്കഴിഞ്ഞു ശിവസേനയുടെ ശക്തി വർദ്ധിക്കുന്നുവെങ്കിൽ ബോംബെനഗരം പ്രത്യേകമായി സ്വയംഭരണാധികാരമുള്ള പ്രദേശമാണെന്നവാദവും പൊങ്ങിവന്നുകൂടായ്കയില്ല. ഇതെല്ലാം കാണിക്കുന്നതു് ഇന്ത്യയിൽ സ്വയംഭരണാവകാശങ്ങളുള്ള സംസ്ഥാനങ്ങൾ ഉണ്ടാക്കുന്നതുകൊണ്ട് ഏതെങ്കിലും പ്രദേശക്കാരുടേയോവർഗ്ഗക്കാരുടേയോ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകയില്ലെന്നാണ്. ഓരോ സംസ്ഥാനക്കാരും മററു നഗരങ്ങളിലും സംസ്ഥാനങ്ങളിലും ധാരാളമായി ജീവിക്കുന്നുണ്ട്. സ്വയംഭരണവാദങ്ങൾ ഉന്നയിച്ച് നാളെ അവരെ ഇന്ത്യയിൽത്തന്നെ വിദേശപൌരന്മാരാക്കി മാററിക്കൂടാ.

വിദേശ രാജ്യങ്ങളിലെ തത്വശാസ്ത്രങ്ങളെ അതേപടി പകർത്തി ഇന്ത്യയിൽ സംസ്ഥാനങ്ങൾക്ക കൂടുതൽ കൂടുതൽ അ

(ശേഷം 12-ാം പേജിൽ)

# ഭൂനിയമവും ഹൈക്കോടതിയും

കെ. വി. കെ. വാരിയർ

മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ, അഥവാ ഭൂവുടമ വ്യവസ്ഥയിൽ പുരോഗമനപരം, വിപ്ളവകരമായ പരിവർത്തനം എന്നൊക്കെ പറയുന്ന ഇന്നത്തെ ഭൂപരിഷ്ക്കരണഭേദഗതി നിയമം നമ്മുടെ നാട്ടിലെ കാർഷിക സമ്പൽവ്യവസ്ഥയിൽ ഗുണകരമായ ചില മാററങ്ങൾ വരുത്തുന്നു എന്നു സമ്മതിക്കുന്നു. എന്നാൽ വിപ്ളവത്തിനു വഴി വേറെ നോക്കണം. നമ്മുടെ നാട്ടിൽ ഭൂമി ആരുടേയും സ്വകാര്യസ്വത്തായിരിക്കാൻ പാടില്ല. നൂറുകൊല്ലം മുമ്പു അങ്ങിനെ ആയിരുന്നില്ല, ബ്രിട്ടീഷ് ഭരണവും അവരുടെ നീതിസംഹിതയുമാണ് ജന്മിവർഗ്ഗത്തിനു് അലംഘനീയമായ ഭൂസ്വത്തവകാശം നൽകിയതു്. ഈ രാജ്യത്തു ഭൂമി അതിൽ കൃഷിചെയ്യുന്നവനു അവകാശപ്പെട്ടതായിരുന്നു. എന്നാൽ കൃഷി ചെയ്യുന്നവൻ സമുദായത്തോടുള്ള കടമ നിറവേററാൻ ബാദ്ധ്യസ്ഥനായിരുന്നു. കൃഷിചെയ്യുന്നവരെകൊണ്ടു പ്രസ്തുത കടമ നിറവേററിക്കുന്നതിൽ ഒരു പങ്കും അതിനുള്ള അധികാരവും വഹിച്ചിരുന്നവർ മാത്രമായിരുന്നു ജന്മിമാർ. ജന്മിമാർ രാജാവിനു 'ഭോഗം, കൊടുക്കാനും ചുമതലപ്പെട്ടവരായിരുന്നു.

ജന്മിമാരുടെ അക്രമണത്തിൽ നിന്നും ചൂഷണത്തിൽ നിന്നും സമുദായത്തെ രക്ഷിക്കാൻ ഒരു നൂററാണ്ടു മുമ്പുതന്നെ ഇവിടെ രാജവാഴ്ചക്കാലത്തു വിപ്ളവകരമായ വിളംബരങ്ങൾ ഉണ്ടായിട്ടുണ്ടു്. ബ്രാഹ്മണരുടെ പേരിൽ യാതൊരു കരവും ചുമത്തരുതെന്നു മനുസ്മൃതി ഉൽഘോഷിക്കുന്ന പാരമ്പര്യത്തെ തെററിച്ചുകൊണ്ടാണ് കേരളത്തിലെ ബ്രാഹ്മണജന്മിവർഗ്ഗം സർക്കാരിനു കരംകൊടുക്കാമെന്നേററതു് ബ്രിട്ടീഷുഭരണാധിപന്മാരുടെ പ്രേരണവഴിയാണ് കേരളത്തിൽ ഭൂനികുതി ചുമത്തപ്പെട്ടതു്. ബ്രിട്ടീഷ് നിയമസഭയുടെ കണ്ണടയിൽക്കൂടി പരിശോധിച്ചു വ്യാഖ്യാനിച്ചപ്പോൾ മാത്രമാണ് ബ്രഹ്മസ്വവും ദേവസ്വക്കാരുമായ ജന്മിവർഗ്ഗം ഭൂസ്വത്തിൻെറ പരിപൂർണ്ണ അവകാശികൾ ആണെന്നു വന്നതു്. കുടിയാൻ കരാറനുസരിച്ചു മാത്രം ഭൂമിയിൽ കൃഷി ചെയ്യുകയാണെന്നും അവൻ ജന്മി പറയുമ്പോൾ ഭൂമി ഒഴിഞ്ഞുകൊടുക്കേണ്ടതാണെന്നും അല്ലാതെ ഭൂമിയിൽ ഒരധികാരവും അവനില്ലെന്നും മററുമുള്ള നിഗമനങ്ങൾ ബ്രിട്ടീഷുകാരുടെ കോടതികളിൽ നിന്നാണ് പുറപ്പെട്ടതു്. അവരുടെ ഭരണമാണ് ഈ രാജ്യത്തു നിയമങ്ങൾ ഉണ്ടാക്കിയതു്. ബ്രിട്ടീഷുകോടതികളുടെ നിഗമനങ്ങൾ വളരെയേറെ അബദ്ധങ്ങളാണെന്നും ജന്മിമാർക്കു അനിയന്ത്രിതമായ അധികാരങ്ങൾ നൽകുന്നതു സമുദായത്തെ വഞ്ചിക്കലാണെന്നും ബ്രിട്ടീഷ് നിയമജ്ഞന്മാരും പണ്ഡിതന്മാരുംതന്നെ പ്രഖ്യാപിച്ചിട്ടുണ്ടു്.

## ജന്മി വന്ന കഥ

'സർവ്വേക്കല്ലു് ശരിക്കു നോക്കി സംരച്ചു്, വസ്തുവിനു യാതൊരു പ്രകൃതഭേദം വരുത്താതെ ആറാഴ്ച ചമയങ്ങൾ ഒന്നും ഉണ്ടാക്കാതെ കേവലം മേലുല്പന്നങ്ങൾ എടുക്കാൻവേണ്ടിയും കൈവശംവെച്ചനുഭവിക്കാൻ' വേണ്ടിയും മാത്രമാണ് ജന്മിമാർ ഭൂമിയിൽ കുടിയാന്മാരെ സൃഷ്ടിച്ചതു്. ജന്മിമാർ കുടിയാൻ വർഗത്തിനു ജാതി മേധാവിത്വവും അയിത്തവും കല്പിച്ചു. മലബാർ ഭാഗത്തു തുരുതുരെ മാപ്പിളലഹളകൾ പൊട്ടിപ്പുറപ്പെട്ടു. തിരുവിതാംകൂർ കൊച്ചി ഭാഗങ്ങളിലും കുടിയാൻ പ്രക്ഷോഭണങ്ങൾ ഉണ്ടായിട്ടുണ്ടു്. ഒരു നീണ്ട സമരചരിത്രം തന്നെയുണ്ടു്. ചരിത്രമാണ് ഏററവും വലിയ അദ്ധ്യാപകൻ.

കോടതി ഇടപെട്ടു് കുടിയാന്മാരെ രക്ഷിച്ച എത്രയോ ഉദാഹരണങ്ങളുണ്ടു്. കുടിയാൻ ഉണ്ടാക്കിയ ആറാഴ്ച ചമയങ്ങൾക്കു ജന്മിമാർ വസ്തു ഒഴിപ്പിക്കുമ്പോൾ പ്രതിഫലം നൽകണമെന്ന വ്യവസ്ഥ കോടതി വിധിമൂലം നേടിയതാണ്. കുടിയാന്മാരുടെ രക്ഷക്കു വേണ്ടി ഒരു കാലത്തു് നമ്മുടെ നിയമകോടതികൾ പല നല്ല പ്രഖ്യാപനങ്ങളും നടത്തിയിട്ടുള്ള കഥ വിസ്മരിക്കാൻ പാടില്ല. എന്നാൽ സാമ്രാജ്യഭരണത്തിൻ കീഴിലാണ് കോടതികൾ ചിലപ്പോൾ പുരോഗമനപരമായ വിധികൾ പുറപ്പെടുവിക്കുകയുണ്ടായതെന്നു ഓർക്കുന്നതു നന്നു. ഒരുപക്ഷെ, കോടതികൾ അക്കാലത്തു കൈക്കൂലിക്കും അഴിമതിക്കും സ്വജനപക്ഷപാതത്തിനും ഒക്കെ ഉപരിയായി അന്തസ്സും സത്യവും നീതിയും ഒക്കെ പുലർത്തിയിരുന്നു വെന്നു് സമ്മതിക്കാം. നിയമകോടതികളോടും നിയമജ്ഞന്മാരോടും ബഹുമാനാദരവുകൾ കാണിച്ചുപോന്ന ഒരു പാരമ്പര്യം നമ്മുടെ നാടിനുണ്ടു്. ബ്രിട്ടീഷുകാരൻ തന്ന ഏററവും വലിയ നിധിയാണ് ഈ രാജ്യത്തെ നീതിന്യായസമ്പ്രദായം എന്നുവരെ പുകഴ്ത്തി പറയുന്നവരേയും നമുക്കറിയാം. കോടതിയോടു ബഹുമാനാദരവുകൾ കൂടാതെ യാതൊന്നും തന്നെ എഴുതാനോ പറയാനോ പാടില്ലല്ലോ. ഒന്നു ധിക്കരിച്ചുപോയാൽ അക്കൂട്ടർ മ്ലേച്ഛന്മാരാകും. രണ്ടാംതരമോ മൂന്നാം തരമോ പൌരന്മാരാകും.

## കോടതി ആരുടെ?

എന്നാൽ ഈ നാടിൻെറ സ്വാതന്ത്ര്യസമരത്തിൻെറ ചരിത്രം കോടതിയെ ധിക്കരിച്ചുകൊണ്ടു ജനതാമദ്ധ്യത്തിലിറങ്ങിയ നേതാക്കന്മാരെ എത്രയോ സൃഷ്ടിച്ചിട്ടുള്ളതായി നാം ഓർക്കണം. മഹാത്മാഗാന്ധി ബ്രിട്ടീഷ് നീതിസംഹിതയെ ആദരിക്കുന്ന ഒരാളായിരുന്നില്ല. അദ്ദേഹം കോടതി നടപടികളുടേയും കോടതികളുടെ നീതിന്യായ നിർവ്വഹണ സമ്പ്രദായത്തേയും വിലമതിക്കുന്ന ആളല്ലായിയിരുന്നു. അദ്ദേഹം ജനകീയ കോടതികളെപ്പററിയും പഞ്ചായത്തു് നീതിയെപ്പററിയും മോഹങ്ങൾ പുലർത്തിയിരുന്ന ആളാണ്. കോടതികൾ എങ്ങിനെ മനുഷ്യാവകാശങ്ങളെ ധ്വംസിക്കുന്നു, കോടതികൾ എങ്ങിനെ സ്വത്തുടമ വർഗ്ഗത്തിൻെറ വൈതാളികന്മാരായിത്തീരുന്നു, കോടതികളെ എന്തുകൊണ്ടു ജനാധിപത്യവൽക്കരിക്കണം എന്നൊക്കെ മഹാനായ ലെനിൻ പ്രസ്താവിച്ചിട്ടുള്ള പലതിനോടും സാമ്യമുള്ള അഭിപ്രായങ്ങളാണ് ആദർശങ്ങളാണ് മഹാത്മാഗാന്ധിയും പുലർത്തിപ്പോന്നതു്. നമ്മുടെ കോടതികളിൽ ഇന്നു മഹാത്മാഗാന്ധിക്കും മഹാനായ ലെനിനും വല്ല സ്ഥാനവും കല്പിക്കപ്പെടുന്നുണ്ടോ? ഗാന്ധിജിയുടെ പടം എന്തിനവർ പ്രദർശിപ്പിക്കുന്നു.

## തക്കതായ പ്രതിഫലം!

ജന്മിമാർക്കു പ്രതിഫലം നൽകി, ഭൂസ്വത്തവകാശത്തെ ഇല്ലായ്മ ചെയ്യാൻ, നമ്മുടെ നിയമസഭ ഭരണഘടനാ വിധേയമാണെന്നു ഉത്തമബോദ്ധ്യത്തോടെ ഒരു നിയമം പാസ്സാക്കിയിരിക്കുന്നു. സർക്കാർ നിയമം നടപ്പാക്കാനും തുടങ്ങിയിരിക്കുന്നു. ജന്മിമാർക്കു പ്രതിഫലം നൽകുന്ന നിയമമാണിതു്. സ്വാതന്ത്ര്യത്തിനുശേഷം 22 കൊല്ലക്കാലം താമസിച്ചശേഷം മാത്രം വന്ന നിയമമാണിതു്. സ്വാതന്ത്ര്യത്തോടൊപ്പം കാൽക്കാശു പ്രതിഫലം നൽകാതെ നമുക്കു് ജന്മിത്തത്തെ ഉന്മൂലനം

## കൂടുതൽ ലേഖനം വേണം

എന്റെ സുഹൃത്തും പത്രപ്രവർത്തകനുമായ പി. രാജന്റെ "ഹൈക്കോടതി ജനകീയാധികാരം തട്ടിപ്പറിക്കരുതു്." 'കർഷകത്തൊഴിലാളിസമരം പരിവർത്തനത്തിന്റെ വാഗ്ദാനം' എന്നീ ലേഖനങ്ങളും പത്രാധിപർ എം. ഏ. ജോണിന്റെ 'കോൺഗ്രസ്സ്' വലതിന്റെ വാലാകരുതു്" എന്ന ലേഖനവും, നമ്മുടെ നാട്ടിലെ നിഷ്പക്ഷമതികളായ ലക്ഷക്കണക്കിനു ബഹുജനങ്ങളുടെ വികാരങ്ങൾ കണക്കിലെടുത്തുകൊണ്ടും ചിന്തിക്കുന്ന സാധാരണക്കാർക്കും ബുദ്ധിജീവികൾക്കും ഉള്ള അഭിപ്രായത്തെ കണക്കിലെടുത്തുകൊണ്ടുമാണു് എഴുതിയിട്ടുള്ളതു്. കേരളത്തിൽ നടക്കുന്ന സംഭവങ്ങൾ ശരിക്കു വിശകലനം ചെയ്തു പഠിക്കുവാൻ തരത്തിലുള്ള ദിനപ്പത്രങ്ങളും വാരികകളും മാസികകളും വളരെക്കുറച്ചു മാത്രം ഉള്ള കാലഘട്ടത്തിൽ യാതൊരു പ്രസ്ഥാനത്തോടും അന്ധമായ വിരോധം പുലർത്താതെ, ശാസ്ത്രീയ വീക്ഷണത്തോടുകൂടി ലേഖനങ്ങൾ എഴുതുന്ന പത്രാധിപർ ജോണും, പി. രാജനും കൂടി നേതൃത്വം നൽകുന്ന 'നിർണ്ണയം' കേരളത്തിൽ ഒരു പ്രസ്ഥാനമായിത്തീരട്ടെ എന്നു ആശംസിക്കുന്നു.

പത്രത്തിന്റെ കെട്ടും മട്ടും ഇതുപോലെ തന്നെ തുടർന്നാലും സമകാലീന പ്രശ്നങ്ങളെക്കുറിച്ചു് ചിന്താർഹമായ ലേഖനങ്ങൾ ഇനിയും കൂടുതൽ ഉണ്ടാകണമെന്നാഗ്രഹിക്കുന്നു.

ടി. എ. റഹിമാൻ
തട്ടംവീട്ടു്, കൊച്ചിൻ.

## സിനിമ വേണ്ട

'നിർണ്ണയ'ത്തിന്റെ ആദ്യലക്കങ്ങൾ കിട്ടി. വളരെ നന്നായിരിക്കുന്നു. കഥകളും കവിതകളും സ്ഥാനമില്ലാത്ത നിർണ്ണയത്തിൽ സിനിമ എങ്ങിനെ കടന്നുകൂടി എന്നു മനസ്സിലാകുന്നില്ല. സിനിമക്കുവേണ്ടി ഉപയോഗിക്കുന്ന പ്രസ്തുത പേജ് യുക്തിവാദപരമായ ലേഖനങ്ങളെഴുതാൻ ഉപയോഗിച്ചുകൂടെ? അഭിനവസോഷ്യലിസ്റ്റുകൾ ലേഖനങ്ങളെക്കുറിച്ചെന്തു പറയുന്നുവെന്നൊന്നും നോക്കേണ്ടതില്ല.

പി. പരമേശ്വരൻ,
സൂര്യറാവുറോഡ്, മദ്രാസ്സ്.

## പുതിയ പന്ഥാവു്

ഫോർമുലകളിൽ ഒതുങ്ങാതെ, കെട്ടിലും മട്ടിലും ഒരു പുതിയ പന്ഥാവു് തുറന്നിരിക്കുകയാണല്ലോ. കാലഘട്ടത്തിൽ അവഗണിക്കപ്പെട്ട ഒരു വിതാനം ഊർജ്ജസ്വലമാക്കുവാൻ താങ്കൾക്കും വാരികക്കും ധാരാളം ചെയ്യുവാൻ കഴിയും.

പി. കെ. നാരായണൻ,
ഹിപ്നോട്ടിസ്റ്റ്, തിരുവനന്തപുരം.

## ഭാവഭംഗി

രൂപഭംഗി കുറവാണെങ്കിലും ഭാവഗാംഭീര്യമുണ്ടു്. രാഷ്ട്രീയ തിമിരം ബാധിച്ചു് ചിന്താശക്തി കെട്ടണയാൻ തുടങ്ങുന്ന ഇന്നത്തെ വിദ്യാർത്ഥികൾ 'നിർണ്ണയം' മനപ്പാഠമാക്കുന്നതു കൊള്ളാം.

സി. വിജയകുമാർ
വൈക്കം.

## പരിവർത്തനത്തിനുവേണ്ടി

ഒരു സമൂലപരിവർത്തനത്തിനു വേണ്ടി ആഗ്രഹിക്കുകയും നിരന്തരം പ്രവർത്തിക്കുകയും ചെയ്യുന്ന എനിക്കു് 'നിർണ്ണയം' പോലുള്ള വാരികകൾ വളരെയേറെ ഗുണം ചെയ്യുമെന്നു വിശ്വസിക്കുന്നു. പരിവർത്തനത്തിന്റെ ഇളംകാററു് അടിച്ചുതുടങ്ങീട്ടുണ്ടു്. അതൊരു കൊടുങ്കാററായി മാറാൻ ആഗ്രഹിക്കുന്ന എനിക്കു 'നിർണ്ണയ'ത്തിന്റെ ആശയങ്ങളെ അംഗീകരിക്കാതിരിക്കാൻ നിവൃത്തിയില്ല.

വി. ഡി. ജോസഫ്,
പ്രസിഡന്റു്,
ബ്ളോക്കു് യൂത്തു് കോൺഗ്രസ്സ് കമ്മിററി
അങ്കമാലി

(ശേഷം 12-ാം പേജിൽ)

(ഭൂനിയമവും ഹൈക്കോടതിയും തുടർച്ച)

ചെയ്യാമായിരുന്നു. പക്ഷെ അങ്ങിനെയല്ലല്ലോ ഉണ്ടായതു്.

നെല്ലിനു എട്ടണ വിലയുണ്ടായിരുന്ന കാലത്തും ഒരുരൂപ വിലയുണ്ടായിരുന്ന കാലത്തും ഒക്കെയാണു് ഇന്നത്തെ പാട്ട ഏർപ്പാടുകളിൽ അധികപങ്കും ഉണ്ടായിട്ടുള്ളതു്. കഴിഞ്ഞ 20 കൊല്ലക്കാലത്തിനിടക്കു പാട്ട ഏർപ്പാടുകൾ അങ്ങിനെയൊന്നും ഉണ്ടായിട്ടില്ലാത്തതാണു് പകരം വാരവും പങ്കുമൊക്കെയാണു് സൃഷ്ടിച്ചതു്. ചിലപ്പോൾ എന്തെങ്കിലും പ്രതിഫലം കൊടുത്തുകൊണ്ടോ അല്ലെങ്കിൽ ഒരു പ്രതിഫലവും കൊടുക്കാതേയോ ആണു് ജന്മിവർഗ്ഗം ഭൂമികരസ്ഥമാക്കിയതു് ഭൂസ്വത്തിൽ ഇറക്കിയ മുതലിന്റെ അല്ലെങ്കിൽ വെറുതെ കിട്ടിയ മുതലിന്റെ നാണയമൂല്യക്കണക്കു നോക്കിയാൽ ഇറക്കിയ കാശിന്റെ നൂറിരട്ടി എങ്കിലും ഇതുവരെ അനുഭവിക്കാത്ത എത്ര ജന്മിമാർ ഈ രാജ്യത്തുണ്ടു്? മുതലിന്റെ എത്രയോ ഇരട്ടി അനുഭവിച്ചു കഴിഞ്ഞവരാണു് ജന്മിവർഗം എന്നു നമുക്കറിയാം.

എന്നിട്ടും നാമിന്നും യാതൊരു ചാഞ്ചല്യവുംകൂടാതെ ഇപ്പോൾ കാട്ടിവരുന്ന ആദായത്തിന്റെ ഇന്നത്തെക്കാലത്തെ മാർക്കററുവിലകണക്കാക്കി ഏററവുംചുരുങ്ങിയതു അതിന്റെ ആറിരട്ടി അല്ലെങ്കിൽ ഒമ്പതിരട്ടി ജന്മിക്കു നൽകാമെന്നാണു് ഏല്ക്കുന്നതു. ഇരുന്തൂറുപറ നെല്ലോ അതിന്റെ വിലയായി നൂറു ഉറുപ്പികയോ ആണ്ടുപാട്ടം കിട്ടിപ്പോരാറുള്ള ഒരു ജന്മിക്കു 4800ക. ഇന്നു ഒററയടിക്കു പ്രതിഫലം നൽകുന്നാണു് നിയമവ്യവസ്ഥ. പാട്ടത്തിനേല്പിച്ച കാലത്തെ ഉൽപ്പന്നവിലയുടെ കണക്കുനോക്കുമ്പോൾ ഇന്നു ജന്മിവർഗ്ഗത്തിനു കിട്ടുന്നതു അതിഭീമമായ പ്രതിഫലമാണു്. ഉൽപ്പന്നവില വർദ്ധിച്ചിട്ടുണ്ടെങ്കിൽ അതിനു മേലനങ്ങാത്ത ജന്മിക്കു എന്തു അർഹത? മുതൽപണം പലിശയ്ക്കുകൊടുത്താൽ ഇന്നു ആറുശതമാനത്തിനുമീതെ കിട്ടുമോ? ഭൂമിയിലെ മുതലായതുകൊണ്ടു അഥവാ ജന്മിവർഗ്ഗത്തിനു മുതൽമുടക്കില്ലാത്ത മുതലായതുകൊണ്ടു ഇന്നു പെട്ടാപെട്ട പ്രതിഫലമോ? എന്നിട്ടും ഈ പ്രതിഫലം നിസ്സാരമാണെന്ന വാദമോ? ഇത്രയൊക്കെ പ്രതിഫലം കൊടുക്കാമെന്നു ഏററിട്ടും, ഈ നിയമം ഭരണഘടനാവിരുദ്ധമോ? എല്ലാവർക്കും ഒരുപോലെ എന്ന നിലയിൽ പ്രതിഫലം നിശ്ചയിച്ചിട്ടും ഈ നിയമം വിവേചനാപരമോ? നൂറു സെൻറിൽ പത്തു സെൻറു ഒന്നുമില്ലാത്തവനു കിടപ്പാടമായി അനുവദിക്കണമെന്നു പറയുന്നതു അക്രമമോ? ആളോഹരി 25 സെൻറു് ഭൂമിപോലും കിട്ടാത്ത ഈ കേരളത്തിൽ അഞ്ചംഗങ്ങളുള്ള

(ശേഷം 10-ാം പേജിൽ)

ബോംബെ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഇന്ത്യൻ സെക്കുലർ ഫോറത്തിലെ ഒരു പ്രമുഖാംഗമാണു് ഹമീദ്ദൽവായ്. അദ്ദേഹം മറാഠിയിൽ എഴുതിയ ലേഖനങ്ങൾ സമാഹരിച്ചു് 'മുസ്ലീം പോളിററിക്സ് ഇൻ ഇന്ത്യാ' എന്ന പേരിൽ പുസ്തകമായി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. ഇന്ത്യൻ സെക്കുലർ ഫോറത്തിനുവേണ്ടി നചികേതാ പബ്ളിക്കേഷൻസ് (280, സ്ലീററർ റോഡ്, ബോംബെ-7) ആണു് പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. ഈ പുസ്തകം മലയാളത്തിലേക്കു് വിവർത്തനം ചെയ്തു് തുടർച്ചയായി പ്രസിദ്ധീകരിക്കുന്നതിനുള്ളയവകാശം 'നിർണ്ണയ'ത്തിനു ലഭിച്ചിരിക്കുന്നു. ഹമീദ് ദൽവായ് എഴുതിയ ഏഴു ലേഖനങ്ങളും സെക്കുലർ ഫോറത്തിന്റെ പ്രസിഡൻറായ പ്രൊഫസർ എ. ബി. ഷായുടെ അവതാരികയും, അവസാനമായി ദിലീപ് ചിത്രേ ഗ്രന്ഥകാരനുമായി നടത്തിയ അഭിമുഖസംഭാഷണത്തിന്റെ റിപ്പോർട്ടും ഉൾപ്പെട്ടതാണു് പുസ്തകം. ഈ ലക്കത്തിൽ എ. ബി. ഷാ എഴുതിയ അവതാരികയുടെ ആദ്യഭാഗം ചേർക്കുന്നു. വാരികയുടെ തുടർന്നുള്ള ലക്കങ്ങളിൽ പുസ്തകത്തിന്റെ ബാക്കി ഭാഗങ്ങൾ വായിക്കാം.

ആലോചനാർഹമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന പുസ്തകങ്ങൾ അന്യഭാഷയിൽ നിന്നു മലയാളത്തിലേക്കു വിവർത്തനം ചെയ്തു് 'നിർണ്ണയ'ത്തിൽ പ്രസിദ്ധീകരിച്ചാൽ കൊള്ളാമെന്നുണ്ടു്. ഇതിനു വേണ്ട സഹകരണം നൽകുവാൻ തയാറുള്ളവർ എഴുതി അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു—

പത്രാധിപർ.

# ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയം

‘‘ഏതൻസുകാരെ! യുവാക്കളെ പഠിപ്പിക്കുന്നതു്നിർത്തണമെന്ന വ്യവസ്ഥയിൽ നിങ്ങൾ എന്നെ വിട്ടയക്കുന്നുവെങ്കിലും, എന്റെ തലക്കുമീതെ തൂങ്ങുന്ന എല്ലാ അപകടങ്ങളേയും ധിക്കരിച്ചുകൊണ്ടു് ഞാൻ പഠിപ്പിച്ചുകൊണ്ടേയിരിക്കും.

സോക്രട്ടീസ്.

## അവതാരിക (എ. ബി. ഷാ)

മുസ്ലീമുകളുടെ പെരുമാററ രീതികളെക്കുറിച്ചു് ആലോചനാർഹമായ രീതിയിൽ വിമർശനം നടത്തുന്നവരിൽ പ്രമുഖനായ ഒരാളെന്ന നിലക്കു കഴിഞ്ഞ രണ്ടു് വർഷത്തിനുള്ളിൽ ശ്രീ ഹമീദ് ദൽവായ് മുന്നോട്ടുവന്നിട്ടുള്ളത്, എന്റെ അഭിപ്രായത്തിൽ ഇന്ത്യയിലെ മുസ്ലീം രാഷ്ട്രീയത്തിന്റെ ചരിത്രത്തിൽ ഒരു വഴിത്തിരിവാണു്. 1877ൽ സെയ്ദ് അമീർ ആലി, സെൻട്രൽ നാഷണൽ മൊഹമ്മഡൻ അസോസിയേഷൻ' സ്ഥാപിച്ചതിനുശേഷം,, ഹിന്ദുവോ മുസൽമാനോ എന്ന നിലയിലോ, ഗാന്ധിയനോ മാർക്സിസ്റ്റോ എന്ന നിലയിലോ, അല്ലാതെ മുസ്ലീം വിദ്യാർത്ഥിയെന്ന നിലക്കു് ഒരാൾ ആദ്യമായി പ്രശ്നത്തെ സമീപിക്കുകയാണു്. ശ്രീ ദൽവായിയുടെ വീക്ഷണം ചരിത്രത്തിന്റേയും സംസ്കാരത്തിന്റേയും ഒരു വിദ്യാർത്ഥി എന്ന നിലയിലുള്ളതാണു്. അദ്ദേഹം അഭിപ്രായം പറഞ്ഞത് ഇന്ത്യയിലെ മതേതരത്വവാദികളിൽ ചുരുക്കമായിമാത്രം കാണുന്ന ധീരതയോടേയുമാണു്. വെട്ടിത്തുറന്നാണു് അദ്ദേഹം പറയുന്നതു്. അങ്ങിനെ പറയുമ്പോൾ വ്യക്തിപരമായി പല അപകടങ്ങളും നേരിടേണ്ടിവരുമെന്നു അദ്ദേഹത്തിനറിയാം. ഗുരുതരമായ ഭവിഷ്യത്തുകൾ, മരണമുൾപ്പെടെ അദ്ദേഹത്തിനും കുടുംബാംഗങ്ങൾക്കും സംഭവിക്കുമെന്നു ഭീഷണിപ്പെടുത്തുന്ന കത്തുകൾ ഇതിനകം കിട്ടിക്കഴിഞ്ഞു. നാട്ടുകാര്യസ്ഥന്മാരുടെ സേവനം അദ്ദേഹത്തിന്റെ വൃദ്ധരായ മാതാപിതാക്കൾക്കു നിഷേധിച്ചിരിക്കുന്നു. കൊങ്കണിൽ താമസിക്കുന്ന അച്ഛനമ്മമാർക്കു് ഭ്രഷ്ടു് കല്പിച്ചിരിക്കുകയാണു്.

തനിക്കു യാഥാർത്ഥ്യങ്ങളെന്നു ഉത്തമ ബോദ്ധ്യമുള്ള കാര്യങ്ങൾ പറഞ്ഞു് ഏററവും നിസ്സാരമായ അപ്രീതിപോലും നേടാൻ വിദ്യാസമ്പന്നരായ മററു മുസ്ലീമുകൾമടിക്കാണിക്കുമ്പോൾ ദൽവായ് മാത്രം എന്തിനു ഈ സാഹസത്തിനുമുതിരുന്നു? ചോദ്യത്തിൽ തന്നെ ഉത്തരവുമടങ്ങിയിട്ടുണ്ടു്. ഇന്ത്യയിലെ മുസ്ലീം സമുദായത്തെ ബാധിച്ചിട്ടുള്ള പഴഞ്ചത്തത്തിനെതിരെ കുരിശുയുദ്ധം നടത്തിക്കൊണ്ടിരിക്കയാണു് ദൽവായ്. വിദ്യാസമ്പന്നരായ മുസ്ലീമുകൾ പ്രശ്നത്തിൽ നിന്നു ഒഴിഞ്ഞുമാറുകയാണു്. അതിന്റെയർത്ഥം തങ്ങളെക്കാൾ ഭാഗ്യം കുറഞ്ഞവരായ സഹോദരന്മാരുടെ അന്ധവിശ്വാസങ്ങൾക്കും മൂഢത്വത്തിനും കൂട്ടുനിൽക്കുകയാണെന്നിരിക്കിലും. ഹ്രസ്വബുദ്ധികളായ വിമർശകർ ആക്ഷേപിക്കുന്നത് അദ്ദേഹം വർഗ്ഗീയ വാദികളായ ഹിന്ദുക്കളുടെ പ്രീതി നേടാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണെന്നാണു്. ദൽവായിയുടെ ലേഖനങ്ങൾ അവർ പൂർണ്ണമായി വായിക്കുകയോ, അദ്ദേഹവുമായി പ്രശ്നത്തെക്കുറിച്ചു് ചർച്ച നടത്തുകയോ ചെയ്തിരുന്നെങ്കിൽ, ഒരുപക്ഷെ, അവരുടെ പ്രതികരണം മറെറാരു തരത്തിലാകുമായിരുന്നു. ഈ ചെറുപുസ്തകം കാണിക്കുന്നതുപോലെ തന്നെ, അദ്ദേഹം വളരെയൊന്നും എഴുതിക്കൂട്ടിയിട്ടില്ല. അവർ അദ്ദേഹത്തോടു് യോജിക്കുന്നവരായീത്തീരണമെന്നില്ല. പക്ഷെ ദൽവായിയും അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ഒരു വശത്തും അദ്ദേഹത്തിന്റെ വിമർശകർ മറുവശത്തുമായി ഒരു സംവാദം ആരംഭിക്കാൻ ഇടയാകുമായിരുന്നു. ഇന്ത്യയിലെ വിദ്യാഭ്യാസമുള്ള മുസ്ലിമുകൾക്കിടയിലും അവരുടെ സഹയാത്രികരായ ഹിന്ദുക്കൾക്കിടയിലും കോലാഹലം ഇളക്കിവിടുകയാണു് യഥാർത്ഥത്തിൽ സംഭവിച്ചിട്ടുള്ളതു്. അതേസമയം തന്നെ, തങ്ങളുടെ സമരം ഏറെറടുത്തുനടത്താൻ ഒരു മുസ്ലിം ഭടനെ കിട്ടിയിരിക്കുന്നുവെന്നു, ആരംഭത്തിൽ കരുതിയിരുന്ന വർഗ്ഗീയവാദികളായ ഹിന്ദുക്കൾ, ഹമീദ്ദൽവായ് എല്ലാത്തരം പഴഞ്ചത്തത്തേയും തുല്യശക്തിയോടെ എതിർക്കുമെന്നു കണ്ടപ്പോൾ നിരാശരായി. കഴിഞ്ഞ ഒക്േടാബറിൽ, നാഗപ്പൂരിൽവെച്ചു് ദൽവായ് പ്രസംഗിച്ചുകൊണ്ടിരുന്ന ഒരു പൊതുയോഗം കലക്കുന്നതിനുവേണ്ടി കല്ലേറു നടത്തുകയുണ്ടായിയെന്ന കാര്യം മുസ്ലിമുകൾക്കും വർഗ്ഗീയവാദികളല്ലാത്ത ഹിന്ദുക്കൾക്കും ആശ്ചര്യകരമായിത്തോന്നാം. മുസ്ലിമുകളല്ലാ കല്ലേറുനടത്തിയതെന്നു് ദൽവായിക്കു ബോദ്ധ്യമുണ്ടു്.

## ഇൻന്ത്യയിലെ മുസ്ലീം രാഷ്ട്രീയം (തുടർച്ച)

എന്നാലും, ദൽവായിയെ വിമർശിക്കുന്ന എല്ലാ മുസ്ലിമുകളേയും അധിക്ഷേപിക്കുന്നതു് മുഴുവൻ ശരിയല്ല. അദ്ദേഹം ഇതേവരെ മറാഠിഭാഷയിലാണ് എഴുതിയിട്ടുള്ളതു്. മഹാരാഷ്ട്രയിൽ, പ്രത്യേകിച്ച് ബോംബെയിൽ, വിദ്യാഭ്യാസമുള്ള മിക്ക മുസ്ലിമുകൾക്കും ആ ഭാഷയറിയില്ല. ഈ സാഹചര്യത്തിൽ,'കേട്ടുകേൾവിവെച്ചുകൊണ്ടും മറാഠിയറിയാവുന്ന ആരെങ്കിലും ഇംഗ്ലീഷിലേക്ക് ആക്കിയിട്ടുള്ള 'സ്വതന്ത്ര' വിവർത്തനത്തിന്റെ അടിസ്ഥാനത്തിലും അവർ അദ്ദേഹത്തെ വിധിക്കുന്നു. ആളുകൾക്കിടയിൽ അദ്ദേഹം എങ്ങിനെ നിൽക്കുന്നു' ഇരിക്കുന്നു എന്നതിന്റെയടിസ്ഥാനത്തിൽപ്പോലും അദ്ദേഹത്തെക്കുറിച്ച് തീർപ്പ്കൽപിച്ചുവരുന്നു!

അതുകൊണ്ട്, ഇന്ത്യയിൽ ഇന്നും ഫലപ്രദമായ ഒരു ബന്ധഭാഷയിൽ ഇന്ത്യൻ സെക്കുലർ ഫോറം ദൽവായിയുടെ ലേഖനങ്ങൾ ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഈ പുസ്തകം ഉറുദുവിലും ഹിന്ദിയിലും തർജ്ജമചെയ്ത് പ്രസിദ്ധപ്പെടുത്താനോ, അതിനുവേണ്ട സഹായം ചെയ്യാനോ സാധിക്കുമെന്നുകൂടി ഫോറം പ്രത്യാശിക്കുന്നു.

അദ്ദേഹവുമായി പൂർണ്ണമായ യോജിപ്പുള്ളതുകൊണ്ട് തന്നെ, ദൽവായിയുടെ

---

## ഭൂനിയമവും ഹൈക്കോടതിയും (തുടർച്ച)

(8-ാം പേജിൽനിന്നും തുടർച്ച)

കുടുംബത്തിനു 1500 സെൻറ്‌വരെ പരിധി കൈവശംവെയ്ക്കാം എന്നു പറയുന്നതു അനീതിപരമോ?

## ആരെ ഉദ്ധരിക്കണം?

ജന്മിവർഗ്ഗത്തിന്റെ വാദമുഖങ്ങളെ സാമൂഹ്യസാമ്പത്തിക സിദ്ധാന്തം ഉദ്ധരിച്ചു നേരിടണം. ജന്മിവർഗ്ഗത്തിന്റെ വക്കാലത്തുകാരുടെ വാദമുഖങ്ങളെ സാമൂഹ്യനന്മയുടെ പടവാളേന്തി പിച്ചിച്ചീന്തണം. പാടത്തു വളംചെയ്യുന്നതെങ്ങിനെ, ജലസേചന സൌകര്യങ്ങൾ എങ്ങിനെ എന്നൊക്കെയുള്ള കാര്യങ്ങളിൽ ഉത്തരവാദപ്പെട്ടവർ അനാസ്ഥ കാണിച്ചാൽ, അവർ തെററുചെയ്താൽ അവരെ ചെവിക്കുപിടിക്കാനും, ചുമതലവഹിക്കുന്നതിനു പ്രേരിപ്പിക്കാനും ഈ രാജ്യത്തു വല്ല കോടതിയുമുണ്ടോ? ആധാരക്കെട്ടുകളും അവകാശവാദങ്ങളും ഉദ്ധരണി ഗ്രന്ഥങ്ങളും വഴക്കങ്ങളും കീഴ്‌വഴക്കങ്ങളും വകുപ്പും ഉപവകുപ്പും അവകാശവും അതിനുള്ള അപവാദവും ഒക്കെ മലർത്തിവെച്ചു പരത്തിവിടർത്തി അധരവ്യായാമവും ബുദ്ധിവ്യാപാരവും നടത്തുന്ന മാന്യന്മാർ പാടത്തെ വരമ്പത്തുനിന്നുകൊണ്ടു മണ്ണിനോടു മല്ലിടുന്ന ചെളിപുരണ്ട ദേഹത്തിന്റെ ഉടമസ്ഥരുടെ പമ്പിന്റേയും വല്ലിയുടേയും വീതിന്റേയും പച്ചമലയാളഭാഷ ഒന്നു ശ്രദ്ധിക്കുമോ? മാണിക്യപുലയി എന്നവൾ ചോദിച്ചതാണു് 'ആരുണ്ടാക്കീനിയമം?' അവൾ വോട്ടുചെയ്യാൻപോയി. അന്നാണ് സർക്കാരിനെ കണ്ടതു്. അവൾ വോട്ടുചെയ്തു ജയിച്ചവർ നിയമമുണ്ടാക്കി. അവൾക്കു് ജനാധിപത്യം കിട്ടി. പക്ഷെ അവൾ സ്വതന്ത്രയാണോ? അവൾ മണ്ണിനടിമയാകാൻ ആഗ്രഹിക്കാത്തവളാണു്. അവളുടെ അദ്ധ്വാനത്തിനു പ്രതിഫലം നിശ്ചയിക്കുന്നതു വിവേചനാപരമാണോ ഭരണഘടനാ വിധേയമാണോ എന്നു ഒന്നു പരിശോധിക്കാൻ നമ്മുടെ ഹൈക്കോടതിക്കാർക്കു പറവുമോ? ആർക്കുവേണ്ടി ഈ ഭരണഘടന? ആരുടെ അവകാശം ഇവിടെ പരിപാവനം?

നാമെന്തിനു കാടുകയറണം, അല്ലേ? യാഥാർത്ഥ്യബോധം ഒരു ഗുണമായി കരുതണം. ഭൂപരിഷ്ക്കരണ ഭേദഗതി നിയമം ഭരണഘടനാവിധേയമാകട്ടെ, അല്ലാതിരിക്കട്ടെ. നിയമത്തിലെ വകുപ്പുകൾ അർത്ഥശൂന്യങ്ങളോ അനർത്ഥകരങ്ങളോ ആകട്ടെ–ഭരണഘടന ഈ രാജ്യത്തെ ജനങ്ങൾ, നാം "നമുക്കുവേണ്ടി" ഉണ്ടാക്കിയിട്ടുള്ളതാണെങ്കിൽ ഏതാണ് ഈ രാജ്യത്തു നിലനില്ക്കേണ്ടതു?

## കാതലായ വീക്ഷണം

ഈ ചോദ്യത്തിനുത്തരം കിട്ടണം. ഭൂപരിഷ്ക്കരണനിയമം നമുക്കാവശ്യമാണെങ്കിൽ, അതു നമ്മുടെ ജനാധിപത്യനീതിയുടെ പ്രതിഫലനമാണെങ്കിൽ അതു തെററാണെന്നുപറയുന്ന ഭരണഘടനയെ നാം പൊറുപ്പിക്കേണ്ടതുണ്ടോ? ഭൂപരിഷ്ക്കരണനിയമം ഭരണാഘടനാവിധേയമാണോ എന്നുപരിശോധിക്കാനും വിധിപാസ്സാക്കുവാനും ഭൂപരിഷ്ക്കരണനിയമം കൊണ്ടു ദോഷം സംഭവിക്കുന്നവരെ ഏല്പിക്കാൻ പാടുള്ളതാണോ?

1961ലെ കാർഷികബന്ധനിയമം ഭരണഘടനാവിരുദ്ധമെന്നു വിധിയെഴുതിയ ന്യായാധിപന്മാർ സ്വന്തം ഭൂസ്വത്തുക്കളെ സംബന്ധിച്ചു ലാൻഡ്ട്രിബ്യൂണലുകളിൽ കേസു നടത്തുന്നവരായിരുന്നു. നിയമസഭാസമാജികരെ അത്രയേറെ ഒന്നും ബഹുമാനിക്കാത്ത ചില പ്രതാപശാലികളെ നീതിന്യായപീഠങ്ങളുടെ മുടിചൂടാമന്നന്മാരായി നമുക്കു വാഴിക്കേണ്ടിവരുന്നു എന്നുള്ളതു് നിർഭാഗ്യകരമാണ്. നിയമസഭാസാമാജികന്മാർ ഒരുപക്ഷെ ആനക്കൊമ്പുകൊട്ടാരങ്ങളുടെ മാഹാത്മ്യം ഏശിയിട്ടുള്ളയരാകയില്ല. അവർക്കു് ചിലപ്പോൾ തെററുപററിയെന്നുംവരും. ഭൂപരിഷ്ക്കരണനിയമത്തെ "പിടിച്ചുപറി" അഥവാ "തട്ടിപ്പറി" നിയമനിർമ്മാണമെന്നു് (Expropriatory legislation) കരുതുന്ന ബുദ്ധിജീവികളില്ലേ? ജന്മിത്തമാണ് പിടിച്ചുപറിയെന്നും തട്ടിപ്പറിയെന്നും അവർക്കു ബുദ്ധി ഉദിക്കുമോ?

## ജനാധിപത്യരീതി

നിയമസഭ നിയമമുണ്ടാക്കി ഹൈക്കോടതിയുടെ മുമ്പിൽകൊണ്ടുചെന്നു "ശരിയെന്നുകൽപ്പിക്കണമേ" എന്നു ആവശ്യപ്പെടാനുള്ള ഒരു നടപടിക്രമവും ഇന്നീ രാജ്യത്തില്ല. ഈ നീതിന്യായാസനം എന്നു പേരു പറയുന്ന നമ്മുടെ സ്ഥാപനങ്ങൾ ജനാധിപത്യത്തിന്റെ സന്തതികളല്ലതന്നെ. ബ്രിട്ടീഷുകാർക്കു ജനപ്രതിനിധികളുടെ ഒരു കോമൺസ്‌സഭയുണ്ട്. പ്രഭുസഭയിലുള്ളവരാണ് അവിടത്തെ സുപ്രീം വിധികർത്താക്കൾ. പക്ഷെ അവസാനം കോമൺസ്‌സഭ വിജയിക്കും. എന്നാൽ നമ്മുടെ നാട്ടിലെ സുപ്രിം വിധികർത്താക്കൾ കോമണേർസുമല്ല, പ്രഭുക്കന്മാരുമല്ല, അവർ ഉന്നതബിരുദക്കാരും വേതനക്കാരുമാണ്. അവർ നല്ലവരാകാം, ബുദ്ധിശാലികളാകാം, വിജ്ഞാനമന്നന്മാരാകാം അവരുടെ മുമ്പാകെ വാഗ്വിലാസം ചൊരിയുന്നവർ അഭിഭാഷകരാണ്. അഭിഭാഷകർക്കു കേസാണ് വലുതു്. അവർ ജയിക്കാനാണ് വാദിക്കുന്നതു്. അവർക്കു് കോസ് (Cause) നോക്കേണ്ടുന്ന കാര്യമില്ല. കോസ്റ്റ്സ് (Costs) ശ്രദ്ധിക്കാതെ നിർവ്വാഹമില്ല. സത്യം ചിലപ്പോൾ അരുചികരമാകും.

ഈ നാട്ടിലെ ജനാധിപത്യം ഇത്തൊരു ഊരാക്കുടുക്കിലാണ്. നമ്മുടെ നീതിന്യായനിർവഹണവിഭാഗത്തെ ജനാധിപത്യവൽക്കരിക്കാതെ നമുക്കു ഗത്യന്തരമില്ല. നമ്മുടെ ഭരണഘടന ഇരുമ്പുലക്കയൊന്നുമല്ല. നിയമസഭ പാസാക്കിയ നിയമം ഈ രാജ്യത്തു നടപ്പാക്കാനുള്ളതാണ്. ഉദ്ദേശലക്ഷ്യങ്ങൾ നേടുന്നതിനു് സഹായിക്കാനല്ലാതെ, ഉദ്ദേശലക്ഷ്യങ്ങളെ തകർക്കുന്ന ഒരു വിധിക്കും ഈ രാജ്യത്തെ ജനങ്ങൾ അടിമപ്പെടാൻ പോകുന്നില്ല.

അഭിപ്രായങ്ങളെ ഈ മുഖവുരയിൽ സംഗ്രഹിക്കാൻ ഞാൻ ഉദ്യമിക്കുന്നില്ല. അദ്ദേഹത്തിന്റെ വാദങ്ങളുടെ കേന്ദ്രബിന്ദുവായ കാര്യം ഇവിടെ സൂചിപ്പിക്കുകയും അതിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്നതിനുവേണ്ടി വിശദമാക്കുകയും ചെയ്യാം.

പതിമൂന്നു നൂററാണ്ടിലേറെക്കാലത്തെ ചരിത്രത്തിൽ ഒരിക്കൽപോലും ഒരു നവോത്ഥാനമുണ്ടായിട്ടില്ലെന്ന വസ്തുതയാണ് മുസ്ലീം സമൂഹത്തിന്റെ അടിസ്ഥാനപരമായ രോഗകാരണമെന്നാണ് ദൽവായിയുടെ സിദ്ധാന്തം (തുർക്കിയിലും, ഒരുപക്ഷെ, ടുണീഷ്യയിലുമൊഴികെ, ഇന്ത്യയിലും മററുള്ളിടങ്ങളിലും സ്ഥിതി ഇതു തന്നെയാണ്.) ക്രൂട്ടതത വിശാലമായ ഭാരതസമൂഹവുമായി ജനാധിപത്യപരമായ രീതിയിലും മതേതരത്വത്തിനനുസരിച്ചും ഒത്തൊരുമിച്ചു പോകുക തുടങ്ങിയവയുംകൂടെ മറെറല്ലാ പ്രശ്നങ്ങളും ഇതിൽ നിന്നുത്ഭവിക്കുന്നവയാണ്. അങ്ങിനെ ഉൽഗ്രഥനം നടക്കാത്തിടത്തോളം കാലം ഹിന്ദു–മുസ്ലീം പ്രശ്നം എന്നറിയപ്പെടുന്ന പ്രശ്നത്തിനു പരിഹാരമുണ്ടാകുകയില്ല. എന്നിരുന്നാലും ഇവിടെ ആവശ്യമുള്ള തരത്തിലുള്ള ഉൽഗ്രഥനം സാധിക്കണമെങ്കിൽ, ആധുനിക രാഷ്ട്രത്തിലെ പൌരത്വത്തിന്റെ അവകാശങ്ങളേയും കടമകളേയുംകുറിച്ച് ഹിന്ദുക്കളെപ്പോലെ തന്നെ മുസ്ലീമുകളും മനസ്സിലാക്കിയിരിക്കണം. ഒരു തുറന്ന സമൂഹത്തിന്റെ മൂല്യങ്ങൾക്കു വേണ്ടിയും ശാസ്ത്രവും ശാസ്ത്രീയരീതികളും സമ്മതിക്കുന്ന വിധം മനുഷ്യനേയും പ്രപഞ്ചത്തേയും കാണുന്നതിനുവേണ്ടിയും സ്വയംനിലകൊള്ളുന്നവർക്കല്ലാതെ അത്തരത്തിലുള്ള ഉൽഗ്രഥനത്തെ പ്രോത്സാഹിപ്പിക്കുവാൻ കഴിയുകയില്ല. മററുള്ളവർ ഉൽഗ്രഥന പ്രക്രിയയെ തടസ്സപ്പെടുത്തുകയോ, അതല്ലെങ്കിൽ ഏറിവന്നാൽ നിർജ്ജീവമായ പങ്കു വഹിക്കുകയോ മാത്രമാണ് ചെയ്യുന്നതു്. പ്രശ്നത്തെക്കുറിച്ചുള്ള ഈ വീക്ഷണം സ്വീകരിക്കുന്നുവെങ്കിൽ പിന്നെ, ഗവർമ്മെണ്ടു നിർമ്മിക്കുന്ന ഉൽഗ്രഥനക്കമ്മിററികൾ മേമ്പൊടിക്കുപോലും ഒന്നും ചെയ്യാൻ പോകുന്നില്ലെന്ന ധാരണയിലെത്താതെ നിർവ്വാഹമില്ല. ഉദാഹരണത്തിനു് മഹാരാഷ്ട്രഗവർമെണ്ടു് നിയമിച്ച കമ്മിററിയിൽ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും പ്രതിനിധികൾ മാത്രമല്ലാ, വർഗ്ഗീയതക്കെതിരായി സമരം ചെയ്യുന്നതിനു ഹിന്ദുക്കളും മുസ്ലീമുകളും സഹകരിക്കണമെന്നുകൂടി വിശ്വസിക്കാത്ത മജ്‌ലീസ്–ഇമുഷാവരത് പ്രതിനിധികളും ഉൾപ്പെട്ടിട്ടുണ്ടു്. (1968 നവംബർ 11-ാം നു ബോംബെയിലെ ടൈംസ് ഓഫ് ഇന്ത്യാ പത്രത്തിൽ 'മുസ്ലീമുകളും ഇന്ത്യയും' എന്ന തലക്കെട്ടിൽ എം. ഏ. കരണിക്കർ എഴുതിയ കത്തു് നോക്കുക.) ഒരു നക്സലൈററു് കമ്യൂണിസ്റ്റുകാരനേയും, ആർ. എസ്സ്. എസ്സിന്റെ പ്രതിനിധിയേയും കൂടി ഉൾപ്പെടുത്തി പ്രാതിനിധ്യം പൂർത്തിയാക്കാമായിരുന്നു. കമ്മിററിയിൽ അല്ലെങ്കിൽ തന്നെ പതിനാറുപേരുണ്ടല്ലോ.

ഗാന്ധിക്കുപോലും വിജയിക്കാൻ സാധിക്കാത്തിടത്തു് അതിലും നിസ്സാരന്മാർക്കു്, എത്ര തന്നെ നല്ല ഉദ്ദേശത്തോടെ ശ്രമിച്ചാലും പ്രശ്നം പരിഹരിക്കാൻ കഴിയില്ലെന്നു വ്യക്തമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനും പുനരുദ്ധാനത്തിനും ഉള്ള പരിപാടികളിൽ ഏററവും പ്രധാനമായ രണ്ടിനങ്ങൾ, അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അയിത്തം ഇല്ലാതാക്കലും ഹിന്ദു–മുസ്ലീം ഐക്യം ഉണ്ടാക്കലും ആയിരുന്നു. ഒരർത്ഥത്തിൽ അദ്ദേഹം വിഭാവനം ചെയ്ത 'സ്വരാജി'ന്റെ സ്ഥാപനത്തിനുള്ള നിബന്ധനകളായിരുന്നു ഇവ. അതുകൊണ്ടു് ഇന്ത്യയിൽ നിന്നു് ബ്രിട്ടീഷുകാർ പിൻമാറുന്നതിലും പ്രാധാന്യം കൊടുത്തുകൊണ്ടു് പലപ്പോഴും അദ്ദേഹം ഈ രണ്ടു കാര്യങ്ങൾ നേടുന്നതിനെപ്പററിപ്പറഞ്ഞിട്ടുണ്ടു്. അയിത്തത്തിനെതിരായ യുദ്ധത്തിൽ അദ്ദേഹം ഗണ്യമായി വിജയിച്ചു. പലതും ചെയ്യാൻ ബാക്കി കിടക്കുന്നുണ്ടെങ്കിലും പുരി ശങ്കരാചാര്യരെപ്പോലെ കിറുക്കുള്ളവരൊഴികെ മറെറാരു ഹിന്ദുവും അയിത്തം പൂർണ്ണമായി അവസാനിപ്പിക്കുന്നതിനുള്ള നടപടികളെ പിന്താങ്ങാൻ ഒട്ടും മടികാണിക്കുകയില്ല. (1968 ഏപ്രിലിൽ അഹമ്മദാബാദിൽ നടന്ന ഗീതാപ്രവചനവാരത്തിൽ, ജാതി ഹിന്ദുക്കളിൽ നിന്നു വേർതിരിച്ചു് ഹരിജനങ്ങളെ ഇരുത്താൻ സംഘാടകർ ചെയ്ത ഏർപ്പാടുകളെ ശങ്കരാചാര്യർ ശരിവെക്കുകയുണ്ടായി. 1967 ഒക്ടോബർ, നവംബർ മാസങ്ങളിൽ കല്ല്യാണിൽ അദ്ദേഹം പ്രകടിപ്പിച്ച അഭിപ്രായങ്ങളും (ഹിന്ദി) നോക്കുക.) എന്നാലും കിലാഫത്ത് പ്രക്ഷോഭണം നടന്ന ചുരുങ്ങിയ കാലത്തല്ലാതെ ഇന്ത്യയിൽ ഗാന്ധിജിയുടെ സജീവ പരിശ്രമം നടന്ന കാലത്തെല്ലാം ഹിന്ദു–മുസ്ലീം ഐക്യം അദ്ദേഹത്തിനു പിടികിട്ടാതെവന്നു. (ചുരുങ്ങിയ കാലംകൊണ്ടു് അസ്തമിച്ച ഈ ഐക്യത്തിനു മുസ്ലീമുകളെ പ്രേരിപ്പിച്ചതു് മതേതര സ്വഭാവമുള്ളതും രാജ്യത്തിനകത്തു് ഒതുങ്ങിനിൽക്കുന്നതുമായ ദേശീയതയല്ല, പ്രത്യുത മതാടിസ്ഥാനത്തിലുള്ള രാജ്യാന്തരക്കൂറാണ്. ഈ പ്രശ്നത്തെക്കുറിച്ചുള്ള രസകരമായ ചില പാർശ്വവീക്ഷണങ്ങൾക്കു രാംഗോപാലിന്റെ 'ഇന്ത്യൻ മുസ്ലീംസ്–ഏഷ്യ പബ്ലിഷിങ്ങ് ഹൌസ്. ബോംബെ 1959, 1964 നോക്കുക) അതുമാത്രമല്ല, ഗാന്ധിയുടെ നിരന്തരപരിശ്രമങ്ങൾ ഉണ്ടായിട്ടും സ്വാതന്ത്ര്യത്തിന്റെ വിലയായി രാജ്യത്തിനു വിഭജനം സ്വീകരിക്കേണ്ടിവന്നു. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതാക്കളിൽ വിഭജനത്തോടു് യോജിക്കാതിരുന്ന ഏക നേതാവ് ഗാന്ധിയായിരുന്നിട്ടും സ്വാതന്ത്ര്യം ലഭിച്ചയുടനെ ഒരു ഹിന്ദുഭ്രാന്തന്റെ കൈകൊണ്ടു് അദ്ദേഹത്തിനു മരിക്കേണ്ടിവന്നു.

എന്തുകൊണ്ടു് ഇതു സംഭവിച്ചു? മുസ്ലീമുകളോടു് ക്ഷമ കാണിക്കാനും ഉദാരമതികളായിരിക്കാനും ഹിന്ദുക്കളെയുപദേശിക്കുകയും, ബ്രിട്ടീഷുകാർക്കു് അതാണിഷ്ടമെങ്കിൽ ജിന്നയെ അധികാരമേല്പിച്ചു കൊടുത്തു് സ്ഥലം വിട്ടാൽ മതിയെന്നു പറയുകയും ചെയ്ത ഗാന്ധിതന്നെ ഐക്യത്തിനു വേണ്ടിയുള്ള യത്നത്തിൽ മുസ്‌ലിമുകളിൽനിന്നുമാത്രമല്ല, സ്വന്തം അനുയായികളിൽനിന്നുപോലും ഗാന്ധി ഒററപ്പെടാൻ ഇടയായതു് എങ്ങിനെയാണ്? സിദ്ധാന്തപരമായ ഒരു പരിഹാരത്തിനു വേണ്ടി ഇപ്പോഴും തപ്പിക്കൊണ്ടിരിക്കുകയാണെന്ന കാര്യംവെച്ചുനോക്കിയാൽ, വിഭജനത്തിനുശേഷം 21വർഷം കഴിഞ്ഞെങ്കിലും ഹിന്ദു-മുസ്‌ലീം പ്രശ്നം ഇന്നും പഴയപടി നിൽക്കുന്നതെന്താണ്?

ഗാന്ധിയുടെ ജീവിത തത്വശാസ്ത്രത്തേയും, സാമൂഹ്യപരിവർത്തന സിദ്ധാന്തങ്ങളേയും, എല്ലാററിനുമുപരിയായി ഹൈന്ദവ—ഇസ്ലാമിക പാരമ്പര്യങ്ങളുടെ സ്വഭാവത്തേയും അവ രൂപം കൊടുക്കുന്ന മനസ്സുകൾ ഏതുതരത്തിലുള്ളവയായിരിക്കുമെന്നതിനേയും പററി പരിശോധിച്ചിട്ടുവേണം ഈ പ്രശ്നങ്ങളെക്കുറിച്ചു് തൃപ്തികരമായ ഒരു ചർച്ചനടത്താൻ. ഒരു മുഖവുരയിൽ ഇതെല്ലാം നടത്താൻ സാദ്ധ്യമല്ല. അതിനു മറെറാരു ദിവസം വരെ കാത്തിരിക്കേണ്ടിവരും. ഇവയിൽ ചില പ്രശ്നങ്ങളെക്കുറിച്ചുമാത്രമേ ഞാനിവിടെ പ്രതിപാദിക്കുന്നുള്ളു. അതിൽതന്നെ ഇനിയുള്ള ചർച്ച ഉപയോഗപ്രദമായി തുടരാൻ വേണ്ട സൂചനകൾ നൽകുക മാത്രമേ ചെയ്യുന്നുള്ളു.

(തുടരും)

(കാഴ്ചപ്പാടുകൾ തുടർച്ച)

ധികാരം വേണമെന്ന വാദത്തിനു അഖിലേന്ത്യാ കക്ഷികൾ എന്നു പറയുന്നവ തന്നെ കൂട്ടുനിൽക്കുന്നതായാണു് കാണുന്നതു്. കേരളത്തിലേയും ബംഗാളിലേയും ഐക്യമുന്നണികളുടെ പ്രകടനപത്രികകൾ പരിശോധിച്ചാൽ ഇതു് വ്യക്തമായി കാണാം. കേന്ദ്രഗവർമെണ്ടിൽനിന്നു സംസ്ഥാനങ്ങൾക്കു കൂടുതൽ കൂടുതൽ അധികാരം കിട്ടുന്നതിനുവേണ്ടി ഐക്യമുന്നണികൾ പോരാടുമെന്നാണു പ്രകടനപത്രികകളിൽ പറയുന്നതു്. അങ്ങിനെ ഉറപ്പു നൽകുന്ന ഐക്യമുന്നണികളെക്കാൾ ഒരു പടികൂടി മുന്നോട്ടു കടന്നു പോയിരിക്കുകയാണു് ഡി. എം. കെ. പ്രാദേശികസ്വയംഭരണം ലഭിക്കുന്നതിനു പററിയ തരത്തിൽ ഭരണഘടനയിൽ വരുത്തേണ്ട മാററങ്ങളെക്കുറിച്ചു് പഠിച്ചു് റിപ്പോർട്ടു ചെയ്യുന്നതിനായി തമിഴ്നാട്ടു് ഗവർമ്മെണ്ടു് കമ്മിററിയെ നിയോഗിച്ചിരിക്കുന്നു. ഈ കമ്മിററിയുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഡി. എം കെ. സംസ്ഥാനങ്ങൾക്കു കൂടുതൽ അധികാരത്തിനു വേണ്ടി വാദിക്കുമെന്നും മുഖ്യമന്ത്രി കരുണാനിധി പറഞ്ഞു കഴിഞ്ഞു.

സംസ്ഥാനങ്ങൾക്കു കൂടുതൽ അധികാരത്തിനു വേണ്ടി വാദിക്കുന്ന ഐക്യമുന്നണിക്കാർ ഡി. എം. കെ. യുടെ ആവശ്യത്തിനും പിന്തുണ നൽകാൻ ബാദ്ധ്യസ്ഥരാകുന്നു. അങ്ങിനെ പിന്തുണ നൽകുകയെന്നുവെച്ചാൽ ഇന്ത്യ ഛിന്നഭിന്നമാകുകയെന്നർത്ഥം. ബംഗാളിൽ ഇടതുപക്ഷ ഐക്യമുന്നണി ഭരിക്കുന്നതുകൊണ്ടു പ്രാദേശിക സ്വയംഭരണ വാദത്തെ പിന്താങ്ങുന്നതു് ശരിയായിരിക്കുകയില്ല. കാരണം ഇന്നത്തെ സാഹചര്യത്തിൽ ബംഗാളിലോ കേരളത്തിലോ ഒഴികെ മറെറാരിടത്തും തന്നെ ഇടതുപക്ഷക്കാർക്കു മുൻതൂക്കമുള്ള സംസ്ഥാനഗവർമെണ്ടുകൾ ഉണ്ടാകാനിടയില്ല. 1972 ലെ തെരഞ്ഞെടുപ്പിനുശേഷം തമിഴ് നാട്ടിൽ ഡി. എം. കെ. യും പഞ്ചാബിൽ അകാലിദളും ഹിന്ദിസംസ്ഥാനങ്ങളിൽ ജനസംഘം സ്വതന്ത്രാകൂട്ടുകെട്ടും ഒറീസ്സയിൽ സ്വതന്ത്രാപാർട്ടിയുടേയും ഗണതന്ത്രപരിഷത്തിന്റേയും കൂട്ടുമുന്നണിയും ബംഗാൾ, കേരളം എന്നിവിടങ്ങളിൽ ഇടതുപക്ഷ ഐക്യമുന്നണികളും മററു സംസ്ഥാനങ്ങളിൽ കോൺഗ്രസ്സും അധികാരത്തിൽ വന്നുവെന്നിരിക്കട്ടെ. കേന്ദ്രഭരണം കയ്യിലില്ലാത്ത കക്ഷികൾ എല്ലാം പ്രാദേശികസ്വയംഭരണവാദത്തെ പിന്താങ്ങുകയും ചെയ്തുവെന്നു വെക്കുക. ഇന്ത്യാ നാനാവിധമാകുന്നതിനു ഇതിൽ കവിഞ്ഞൊന്നും സംഭവിക്കേണ്ടതില്ല.

## ഒററപ്പെട്ടു നില്ക്കരുതു്

തമിഴ് നാട്ടു് അതിന്റെ വീതിയിലും

(കത്തുകൾ 8–ാംപേജിലെ തുടർച്ച)

## വിമർശനവിധേയം.

വാരികയിലെ പല ലേഖനങ്ങളും വിമർശന വിധേയമാകുന്നുണ്ടു്. ചിലർക്കൊക്കെ ദഹിക്കാത്ത കാര്യങ്ങളാണു് വാരികയിൽ വരുന്നതു്. കാര്യങ്ങൾ വെട്ടിത്തുറന്നു പറയുന്നതിൽ മററു പല പത്രങ്ങളും കാണിക്കുന്ന പാപ്പരത്വം നിർണ്ണയത്തിനില്ലാത്തതു് അഭിനന്ദനാർഹമാണു്. വിലകുറക്കാൻ വല്ല മാർഗ്ഗവുമുണ്ടോ?

യുക്തിവാദം വേണമെന്നു ചിലർ അഭിപ്രായപ്പെട്ടു കണ്ടു. വേണ്ടെന്നാണു് എന്റെ ബലമായ അഭിപ്രായം. അതിനോടുള്ള എതിർപ്പുകൊണ്ടല്ല. അതിനേക്കാൾ പ്രധാനപ്പെട്ട കാര്യങ്ങളാണു് 'നിർണ്ണയ'ത്തിൽ ഇപ്പോൾ വരുന്നത്. ഇമ്മാതിരി രാഷ്ട്രീയാഭിപ്രായം പറയുന്ന വാരികകൾ വേറെ ഇല്ലല്ലോ.

കെ. പി. സുദർശനൻ,
പ്രസിഡന്റ്, മണ്ഡലം കോൺഗ്രസ്സ്
കമ്മററി, മുഹമ്മ.

x x x x

## മാർക്സിസ്റ്റുകാരെ താങ്ങുന്നു.

അസ്സലാകുന്നുണ്ടു്. ഉടൻ സോഷ്യലിസത്തിന്റെ മൂടുപടമിട്ടുകൊണ്ടു് രാഷ്ട്രീയം പന്താടുന്നവരെ പൊതുജന മദ്ധ്യത്തിൽ തൊലിയുരിച്ചു് കാട്ടുവാൻ താങ്കളുടെ വാരിക സഹായകമാണു്. പിന്നെ താങ്കളെഴുതിയ, 'കോൺഗ്രസ്സ് വലതിന്റെ വാലാകരുത്'' എന്ന ലേഖനത്തിൽ മാർക്സിസ്റ്റുകാരെ ഒന്നു പതുക്കെ താങ്ങുന്നതായി ഉടനീളം കാണുന്നുണ്ടു്. 'ആസിഡ് കമ്മ്യൂണിസ്റ്റു'' (ഈ പേരല്ലേ അവർക്കു കൂടുതൽ അനുയോജ്യം) കാരെ കൂട്ടുപിടിക്കണമെന്നു താങ്കൾ അഭിപ്രായപ്പെട്ടതിനോടു് ഞാൻ യോജിക്കുന്നില്ല.

'നിർണ്ണയ'ത്തിൽ ഒരു ചോദ്യോത്തര പംക്തി തുടങ്ങിയാൽ കൊള്ളാം. വാരിക ഒന്നുകൂട്ടി വിപുലീകരിച്ചാൽ നന്നു്. അഭിനവ സോഷ്യലിസ്റ്റ് നേതൃത്വത്തിനെതിരെ പോരാടുന്ന താങ്കളിൽ നിന്നു എന്നെപ്പോലുള്ളവർ ഇനിയും പ്രതീക്ഷിക്കുന്നുണ്ടു്.

കെ. കെ. ഗോപാലകൃഷ്ണൻ
കൊക്കുവായിൽ വീടു്
എടവിലങ്ങു്.

## ബുദ്ധിജീവികളുടെ വാരിക

പുതുമകൾ ശ്രദ്ധാർഹം തന്നെ-ചിന്തയിൽ വിപ്ലവം സൃഷ്ടിക്കുന്ന ബുദ്ധിജീവികളുടെ വാരികയാണു 'നിർണ്ണയം'. സാമ്പത്തികമായും മാനസികമായു. സാമൂഹ്യമായും പിന്നോക്കാവസ്ഥയിൽ കഴിയുന്ന ഈ രാജ്യത്തെ ജനതയിൽനിന്നു, സോഷ്യലിസ്റ്റ് സാമൂഹ്യക്രമത്തിലുള്ള മനുഷ്യനെ സൃഷ്ടിക്കാൻ എല്ലാ പുരോഗമന സോഷ്യലിസ്റ്റ് ശക്തികളും ഒന്നിച്ചേ പററൂ. അതിനുവേണ്ടി 'നിർണ്ണയം' കോൺഗ്രസ്സിനും ജനതക്കും പുതുതായ കാഴ്ചപ്പാടും ചലനവും നൽകാൻ മുമ്പോട്ടു വരണം. മതവും ജാതിയും പണവും വ്യക്തിയും നോക്കി രാഷ്ട്രീയം കൈകാര്യം ചെയ്യുന്ന ഏർപ്പാടു് മതിയാക്കി ആശയപരമായി രാഷ്ട്രീയം കൈകാര്യം ചെയ്യാൻ ജനങ്ങളെ ബോധവാന്മാരാക്കണം. തൂലിക പടവാളായിത്തീരട്ടെ.

വള്ളിച്ചിറ കുമാർ
പാലാ.

## ഭൂഷണമല്ല.

'നിർണ്ണയ'ത്തിലെ കല എന്ന പംക്തിയിലെഴുതാറുള്ള ചലച്ചിത്ര നിരൂപണം വായിക്കാറുണ്ടു് ''കഥപറയുന്നതിനേക്കാളേറെ പ്രാധാന്യം കാര്യം പറയുന്നതിനു കൊടുക്കേണ്ടിയിരിക്കുന്നു' എന്നെഴുതിയ 'നിർണ്ണയം' പോലുള്ള വാരികക്കു ഇത്തരമൊരു പംക്തി ഒട്ടും ഭൂഷണമല്ല. 35പൈസ മുടക്കി16 പേജുള്ള നിർണ്ണയം വാങ്ങിവായിക്കാമെന്നു പലരും തീരുമാനിച്ചതു് സിനിമാമാസികയിലെ പേജുകൾ പ്രതീക്ഷിച്ചിട്ടായിരിക്കുകയില്ല. ഇതൊന്നു ഒഴിവാക്കി ആ പേജ് കാമ്പുള്ള മറെറന്തിനെങ്കിലും വേണ്ടി വിനിയോഗിക്കണം.

വി. എം. രവി,
കൂത്തുപറമ്പ്,
ഇരിങ്ങാലക്കുട.

ഒറീസ്സ അതിൻെറ വഴിക്കും ബംഗാൾ മററൊരു തരത്തിലും പരിപാടികൾ നടപ്പാക്കുന്നുവെന്നുവന്നാൽ ഇന്ത്യയുടെ ഭദ്രത തന്നെ അപകടത്തിലാകുകയാണ്. ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനും മറെറാന്നിലും ഉണ്ടാകുന്ന ചലനങ്ങളിൽ നിന്നു ഒററപ്പെട്ടു നിൽക്കാൻ കഴികയില്ലെന്നു നാം കണ്ടുകഴിഞ്ഞു. ആസൂത്രണാടിസ്ഥാനത്തിലുള്ളതാണ് ഇന്ത്യയുടെ സാമ്പത്തികവികസനപ്രവർത്തനങ്ങൾ. അവക്കെല്ലാം മാററം സംഭവിക്കുകയും ഓരോ സംസ്ഥാനവും സ്വന്തം മുറക്കു പ്രവർത്തനം നടത്തുകയും ചെയ്താൽ സ്വയംഭരണമെന്ന നില മാറി സമ്പൂർണ്ണ സ്വാതന്ത്ര്യം എന്ന നിലയിലേക്കു മാറാൻ അധികം സമയമൊന്നും വേണ്ട. സോഷ്യലിസ്റ്റ് പരിപാടിയംഗീകരിച്ച ബംഗാളും സ്വതന്ത്രാപാർട്ടിയുടെ കീഴിലുള്ള ഒറീസ്സയും അയൽരാജ്യങ്ങളായി സ്വയംഭരണത്തോടെ എത്രനാളാണ് കഴിഞ്ഞുകൂടാൻ കഴിയുക. ഈ രണ്ടു രാജ്യങ്ങളും തമ്മിൽ വിദേശവ്യാപാരം, വ്യവസായവികസനം എന്നിവയുടെകാര്യത്തിലുണ്ടാകുന്ന തർക്കം മററൊരു വിയററ്നാമാക്കി ഇന്ത്യയെ മാററുകയില്ലെന്നാരു കണ്ടു? സംശയിക്കാനൊന്നുമില്ല. ഇന്ത്യയൊട്ടാകെ കൊച്ചു കൊച്ചു വിയററ്നാമുകൾ സൃഷ്ടിക്കപ്പെടുകയും വിദേശശക്തികൾ ഇടപെട്ടു് സ്വാർത്ഥതാൽപ്പര്യത്തിനുവേണ്ടി ഇന്ത്യയിലെ സ്വയംഭരണസ്ഥാപനങ്ങളെ പരസ്പരം കലഹിച്ചു് നശിപ്പിക്കുന്ന സ്വതന്ത്രരാജ്യങ്ങൾ തന്നെയാക്കി മാററുന്നതായിരിക്കും.

ഈയൊരവസ്ഥ ഇന്ത്യയിൽവന്നു കാണണമോ എന്നതിനെയടിസ്ഥാനമാക്കി വേണം പ്രാദേശികസ്വയംഭരണവാദമെന്ന ആശയത്തെ കാണുവാൻ. ഛിന്നഭിന്നമായ സ്ഥിതിയിൽ ഏതെങ്കിലും വൈദേശികശക്തിയുടെ പിന്തുണയോടെ ഒരു കൊച്ചു സോഷ്യലിസ്റ്റ് സംസ്ഥാനം ഉണ്ടായിക്കൂടെന്നില്ല. പക്ഷേ സോഷ്യലിസ്റ്റ്വിരുദ്ധ വിദേശശക്തികളുടെ സമ്മർദ്ദത്തിനു വിധേയമായിക്കിടക്കുന്ന അയൽസംസ്ഥാനങ്ങളുമായുള്ള അഭ്യന്തരയുദ്ധത്തിൽനിന്നു ഒഴിഞ്ഞുമാറാൻ സാധിക്കുമെന്നതു് വ്യാമോഹമാണ്. അതുകൊണ്ടു സോഷ്യലിസത്തിലേക്കും മററുമുള്ള പുരോഗതി സുശക്തമായ കേന്ദ്രത്തിനുകീഴിൽ പ്രവർത്തിക്കുന്ന സംസ്ഥാനങ്ങൾ ഉൾപ്പെട്ട ഇന്ത്യയിലല്ലാതെ സാദ്ധ്യമാകുകയില്ലെന്നു് എല്ലാ കക്ഷികളും അംഗീകരിക്കാതെ നിർവ്വാഹമില്ല. പ്രാദേശികസ്വയംഭരണവാദത്തെ പ്രോത്സാഹിപ്പിക്കുന്നവർ അതവസാനിപ്പിക്കുകയും ദേശീയ കാഴ്ചപ്പാടിലൂടെ പ്രശ്നങ്ങളെ കാണാൻ മുന്നോട്ടുവരുകയും വേണം.

ഡി. എം. കെ. തന്നെ പ്രാദേശികസ്വയംഭരണവാദമുന്നയിക്കുന്നതിനിടയിലൂടെ അഖിലേന്ത്യാ സമീപനം കൈക്കൊള്ളാൻ നിർബ്ബന്ധിതമാകുന്നുണ്ടെന്നതിൻെറ സൂചനകളുണ്ട്. അകാലിദളുമായി യോജിച്ചുപ്രവർത്തിക്കുന്നതിനു ഡി. എം. കെ. പ്രകടിപ്പിക്കുന്ന വാസനയും ഗുർണാംസിങ്ങിനെ സമ്മേളനത്തിലേക്കു് ക്ഷണിച്ചുവരുത്തുന്നതും അഖിലേന്ത്യാ വീക്ഷണം കൂടാതെ കഴിയുകയില്ലെന്ന യാഥാർത്ഥ്യത്തിൻെറ പരോക്ഷമായസമ്മതമാണ്. നിലനിൽപ്പിനുവേണ്ടി, സാമ്പത്തികപ്രശ്നങ്ങളിൽനിന്നു ജനശ്രദ്ധയകററി, പ്രാദേശികവികാരങ്ങളെ ഇളക്കിവിട്ടു് കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിനുപകരം അഖിലേന്ത്യാകക്ഷികൾ ദേശീയസമീപനത്തിൻെറ ആവശ്യം ജനങ്ങളെ ബോദ്ധ്യപ്പെടുത്തിക്കൊടുക്കുകയാണുവേണ്ടതു്.

## പഴഞ്ചനായതത്വം

ലോകമെമ്പാടും ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവഗതികളും സ്വയംഭരണാവകാശം എന്ന തത്വം പഴഞ്ചനായിരിക്കുന്നുവെന്നു വ്യക്തമാക്കുന്നു. രാഷ്ട്രങ്ങൾ അവയുടെ പരമാധികാരം ത്യജിക്കാൻ സ്വയം സന്നദ്ധമാകുന്ന കാഴ്ചയാണ് ഇന്നു കാണുന്നതു്. യൂറോപ്യൻ പൊതുവിപണിയുടെ രൂപവൽക്കരണം, വ്യാപാരരംഗത്തു് സ്വയംഭരണാവകാശം ഉപേക്ഷിക്കുന്നതിൻെറ ഉദാഹരണമാണ്. ആഫ്രിക്കയിൽ രാഷ്ട്രീയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനു ആഫ്രിക്കൻ രാജ്യങ്ങളുടെ സംഘടന രൂപവൽക്കരിച്ചിട്ടുണ്ടു്. ഇതേപോലെ തന്നെ തെക്കുകിഴക്കെ ഏഷ്യൻ രാജ്യങ്ങളും പൊതുവിപണിയും മററും രൂപവൽക്കരിക്കുന്നതിനെക്കുറിച്ചു് ചർച്ച നടത്തിവരുന്നു. ഫെഡറൽ ഭരണഘടനയുണ്ടെന്നു പറയപ്പെടുന്ന അമേരിക്കയിൽ പോലും സാസ്ഥാനങ്ങൾക്കു മേൽ കേന്ദ്രത്തിൻെറയധികാരം ഏറി ഏറി വരികയാണ്. വർണ്ണവിവേചനത്തിനും മററും എതിരായി സംസ്ഥാനങ്ങൾക്കെതിരെ കേന്ദ്രഭരണത്തിൻെറ പട്ടാളത്തെ തന്നെ നിയോഗിക്കാൻ പ്രസിഡൻറ് കെന്നഡി തയാറായിരുന്നു. സംസ്ഥാനങ്ങൾക്കു പിരിഞ്ഞുപോകാൻ തന്നെ അവകാശം വൽകുന്ന ഭരണഘടനയാണ് സോവിയററു യൂണിയൻേറതെങ്കിലും ഫലത്തിൽ ഏററവും കേന്ദ്രാധികാരമുള്ളതാണ് സോവിയററു ഭരണകൂടം. സംസ്ഥാനങ്ങൾക്കു മാത്രമല്ല, അയൽരാഷ്ട്രങ്ങൾക്കുപോലും സമ്പൂർണ്ണസ്വാതന്ത്ര്യം സോവിയററു് യൂണിയൻ അനുവദിക്കുന്നില്ല. ചെക്കോസ്ലോവാക്യയിലും ഹങ്കറിയിലും പട്ടാളത്തെ അയച്ചുകൊണ്ടു് സോവിയററു് യൂണിയൻ കേന്ദ്രാധികാരത്തെ പരിരക്ഷിക്കുകയാണ് ചെയ്തതു്. സോവിയററു യൂണിയൻെറ ഈ നടപടികളെ സ്വാഗതം ചെയ്യുന്നവർ പോലും ഇന്ത്യയിൽ സംസ്ഥാനങ്ങളുടെ സ്വയംഭരണാധികാരത്തെ പിന്താങ്ങാൻ മുതിരുന്നതു് വിരോധാഭാസമാണ്.

കൊളോണിയൽ വാഴ്ചയിൽ നിന്നു വിമുക്തമാകുന്ന രാഷ്ട്രങ്ങളെ ഏററവും കൂടുതൽ വിഷമിപ്പിക്കുന്ന പ്രശ്നമാണ് ദേശീയതയുണ്ടാക്കൽ. നൈജീരിയയും, ബയാഫ്രായും തമ്മിലുള്ള ആഭ്യന്തരസമരവും കോങ്കോയും, കടാങ്കയും തമ്മിലുള്ള ആഭ്യന്തരസമരവും പുതിയവിധം സാമ്രാജ്യത്വത്തിനു ഇടപെടാൻ അവസരമുണ്ടാക്കുകയാണ് ചെയ്തതു്. ഇന്ത്യയിൽ ഇന്നു നിലവിലുള്ള ദേശീയൈക്യത്തെ തുരങ്കം വെച്ചുകൊണ്ടു് നാളെ സോഷ്യലിസ്റ്റ് പരിവർത്തനത്തിലേക്കു മുന്നോട്ടുപോകാൻ കഴിയുമെന്നതു് വ്യാമോഹമാണെന്നു അന്തരാഷ്ട്രസംഭവങ്ങൾ വേണ്ടവിധം തെളിയിക്കുന്നു. സ്വാതന്ത്ര്യത്തിനുമുമ്പും വീണ്ടുവിചാരമില്ലാതെ സങ്കുചിതവിചാരങ്ങളെ ഇടതുപക്ഷ ശക്തികൾ പ്രോത്സാഹിപ്പിച്ചതിൻെറ കെടുതികൾ ഇന്നും ഇന്ത്യയിൽ അവസാനിച്ചിട്ടില്ല. ഇന്ത്യയൊട്ടാകെയുള്ള മുസ്ലീമുകൾ പ്രത്യേകരാഷ്ട്രമാണെന്ന വാദത്തിനു നൽകപ്പെട്ട പിന്തുണയാണ് പാക്കിസ്ഥാൻ രൂപവൽക്കരണത്തിനിടയാക്കിയതു്. ഇതേപോലെതന്നെ സംസ്ഥാനങ്ങളെ സമ്പൂർണ്ണസ്വയംഭരണ രാജ്യങ്ങളാക്കി മാററുന്നതിനു നൽകുന്നപിന്തുണയും അപകടങ്ങൾ വരുത്തിവെക്കുകയും സങ്കുചിതവികാരങ്ങൾക്കു ജനങ്ങളെ അടിമപ്പെടുത്തുകയുംചെയ്യും.

സ്വയംഭരണാവകാശവാദവും പ്രത്യേകരാഷ്ട്രവാദവും രാജ്യത്തിനുള്ളിൽ രാജ്യത്തേയും രാഷ്ട്രത്തിനുള്ളിൽ രാഷ്ട്രത്തേയും സൃഷ്ടിക്കുന്നതിനും, പരസ്പര സമരങ്ങ

# വ്യവസായലൈസൻസ്

ഒരുകോടി രൂപവരെ മുതൽമുടക്കുള്ള വ്യവസായങ്ങൾ ലൈസൻസ് മേടിക്കാതെതന്നെ തുടങ്ങാൻ ഗവർമ്മെണ്ട് സമ്മതംനൽകിയിരിക്കുന്നു. കുത്തകമുതലാളിത്തപത്രങ്ങൾ പുതിയ ലൈസൻസിങ്ങ് നയത്തെ പൊതുവെ സ്വാഗതംചെയ്തതു് വെറുതെയല്ല. ഈ പത്രങ്ങളും സ്വതന്ത്രാപാർട്ടിയും വളരെക്കാലമായി ഉന്നയിക്കുന്നആവശ്യമാണല്ലോ ലൈസൻസിങ്ങ് വ്യവസ്ഥ അവസാനിപ്പിക്കണമെന്നതു്. ലൈസൻസ്–പെർമിററ് രാജിനെപ്പററിയായിരുന്നു അവരുടെ പരാതി.

ഒരുകോടിരൂപ മുതൽമുടക്കെന്നു പറയുന്നതുതന്നെ വിരലിലെണ്ണാവുന്നവർക്കു മാത്രമേ ഈ രാജ്യത്തു് സാധിക്കൂ. ലൈസൻസ് കിട്ടാത്തതുകൊണ്ടു് ഇത്തരക്കാർ വ്യവസായം തുടങ്ങാതിരിക്കുന്നില്ല. അവിഹിതമാർഗ്ഗങ്ങളിലൂടെ ലൈസൻസുകൾ വാരിപ്പിടിക്കുന്നതിനു് വിരുതന്മാരാണിവർ. ലൈസൻസ് കിട്ടുന്നതിനു് കാലതാമസമുണ്ടാകുന്നുവെങ്കിൽ അതു് ലൈസൻസിങ്ങ് ഏർപ്പെടുത്തിയതിൻെറ കുററമല്ല. ജോലി മര്യാദക്കുചെയ്യാൻ ഉദ്യോഗസ്ഥമേധാവികളെ നിർബ്ബന്ധിക്കുകയാണു വേണ്ടതു്.

ആസൂത്രണാടിസ്ഥാനത്തിലുള്ള താണല്ലോ നമ്മുടെ സമ്പദ് വ്യവസ്ഥ. ആസൂത്രണം വേണമെങ്കിൽ ലൈസൻസിങ്ങും കൂടിയേ തീരൂ. വ്യവസായങ്ങൾ തുടങ്ങാൻ അനുവദിക്കുന്നതിൽ പല കാര്യങ്ങളും പരിഗണിക്കേണ്ടിവരും നിർമ്മിക്കുന്ന സാധനങ്ങളുടെ ആവശ്യകത, അസംസ്കൃത സാധനങ്ങളുടെ ലഭ്യത, തൊഴിൽ സൌകര്യങ്ങൾ, പ്രാദേശികമായ വികസനാവശ്യം, സാമ്പത്തിക സ്ഥിതി, വിദേശ നാണയച്ചെലവ് തുടങ്ങിയ പല കാര്യങ്ങളും പരിഗണിക്കണം. ഇതൊന്നും നോക്കാതെ ലൈസൻസ് തന്നെ വെച്ചും വ്യവസായങ്ങൾ നടത്താൻ വിട്ടാൽ ആസൂത്രിത സമ്പദ് വ്യവസ്ഥ തന്നെ തകരാറിലാകും. പുരോഗതി തന്നെ തടയപ്പെടുകയും ചെയ്യും. മുതലാളികളെ സ്വന്തം ഇഷ്ടപ്പടി വ്യവസായങ്ങൾ നടത്താൻ അനുവദിച്ചാൽ രാജ്യത്തെയാകെയവർ തങ്ങളുടെ ചന്തയാക്കി മാററിയെന്നു വരും. ലൈസൻസും പെർമിററും ഏർപ്പെടുത്തിയിട്ടുപോലും കുത്തകക്കാർ ഒന്നിനൊന്നു കൊഴുക്കുകയാണു് ചെയ്തതു്. നിയന്ത്രണങ്ങൾ ഇല്ലാതായാൽ പിന്നെ എളുപ്പം ലാഭമുണ്ടാക്കാവുന്ന മയക്കമരുന്നുകളും മററുമുണ്ടാക്കി വിററു നാടിൻെറ ഭാവി തന്നെ അപകടത്തിലാകുകയേയുള്ളൂ.

നിയന്ത്രണങ്ങളില്ലാത്ത കാലത്ത് പല വ്യവസായങ്ങളും ചിലയിടത്ത് കൂട്ടു കൂടിയതിൻെറ ദൂഷ്യങ്ങൾ ഇന്നുതന്നെ അനുഭവിക്കുന്നുണ്ട്. ആദ്യകാലത്ത് വലിയ ലാഭത്തിൽ നടത്തിയിരുന്ന പല വ്യവസായങ്ങളും ഇന്നു നഷ്ടത്തിലായിരിക്കുന്നു. ധാനാർത്തിയിൽ മാത്രം പ്രേരിതരായി എന്തെങ്കിലും വ്യവസായം നടത്തി കുറെക്കാശുണ്ടാക്കി നഷ്ടത്തിൽ വരുമ്പോൾ സർക്കാർ ഏറെറടുക്കണമെന്നു വാദിക്കുന്നത് മുതലാളിമാരുടെ സ്വഭാവമാണ്.

സോഷ്യലിസ്റ്റ് ലക്ഷ്യം വെച്ച് മുന്നേറുമ്പോൾ അതിനു പററിയ നിയന്ത്രണങ്ങൾ കർക്കശമാക്കുകയാണ് വേണ്ടത്. ലൈസൻസിങ്ങ് വേണ്ടെന്നുവെക്കുന്നത് മുതലാളിത്തതാല്പര്യങ്ങളെ തൃപ്തിപ്പെടുത്താനല്ലാതെ മറെറാന്നിനുമായിരിക്കുകയില്ല.

---

ൾക്കും സാമ്രാജ്യത്വശക്തികളുടെ ഇടപെടലിനും ഇടയാക്കുന്നതിനും, മുതലാളിത്തത്തിൻെറ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും മാത്രമേ ഉപകരിക്കൂവെന്നു രാജ്യത്തിനകത്തും പുറത്തുമുള്ള സംഭവങ്ങൾ വ്യക്തമാക്കുന്നുണ്ടു്. അതുകൊണ്ടു് സോഷ്യലിസ്റ്റ് പരിവർത്തനം ആഗ്രഹിക്കുന്നവർ ദേശീയതക്കു വിഘാതം ഉണ്ടാക്കുന്ന സ്വയംഭരണാവകാശവാദത്തെ എതിർക്കാതെ തരമില്ല. രാജ്യവ്യാപകമായി സോഷ്യലിസ്റ്റ് പരിവർത്തനത്തിനുവേണ്ടി ജനങ്ങളെ സംഘടിപ്പിക്കുന്നതോടൊപ്പം ദേശീയതക്കു കോട്ടംതട്ടാതിരിക്കാനും ശ്രമിച്ചേ പററൂ.

---

# മാർക്സിസ്റ്റ് പാർട്ടിയും മററു കക്ഷികളും

(2–ാംപേജ് തുടർച്ച)

ടത്താതെ നിവൃത്തിയില്ല. ഇരുട്ടുകൊണ്ടു് ഓട്ടയടച്ചിട്ടു കാര്യമില്ല.

ഇന്ത്യയിലെ മുഖ്യമായ രാഷ്ട്രീയ ചേരിതിരിവിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്കു് ഒററപ്പെട്ടുനിൽക്കാനാവില്ല. ഇപ്പോൾതന്നെ ഓരോ പ്രശ്നത്തേയും വിലയിരുത്തി കേന്ദ്രത്തിൽ ഇന്ദിരാഗവർമ്മെണ്ടിനു പിന്തുണ നൽകുമെന്ന നിലയാണു് മാർക്സിസ്റ്റ് പാർട്ടി സ്വീകരിക്കേണ്ടിവന്നതു്. ആ നിലയിൽ കോൺഗ്രസ്സിതര മുന്നണി എന്ന മുദ്രാവാക്യം മുഴക്കാൻ അവർക്കു് അവകാശമില്ലാതായിരിക്കുന്നു. ആ മുദ്രാവാക്യത്തിനു അർത്ഥവുമില്ലാതായിരിക്കുന്നു. പിന്നെ എന്തുചെയ്യാൻ കഴിയും. കഴിയാവുന്നതു വ്യക്തമായ പരിപാടിവെച്ചുകൊണ്ടു് കോൺഗ്രസ്സെന്നോ അല്ലെന്നോ നോക്കാതെ തെരഞ്ഞെടുപ്പുധാരണകളും ഐക്യമുന്നണികളും ഉണ്ടാക്കുകയും അതേസമയംതന്നെ സോഷ്യലിസ്ററ് ഐക്യത്തിനുവേണ്ടി വിട്ടുവീഴ്ചയില്ലാതെ സമരങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുകയല്ലാതെ മാർഗ്ഗമില്ല. പാർട്ടിയുടെ സങ്കുചിതമായ അച്ചടക്കപരിഗണനകളോ, ഐക്യമുന്നണിയുടെ പെരുമാററ ചട്ടങ്ങളോ ഇവിടെ പ്രശ്നമാകേണ്ടതില്ല.

അല്ലെങ്കിൽതന്നെ, എന്തെങ്കിലും പെരുമാററചട്ടങ്ങൾ സ്വീകരിച്ചുകൊണ്ടാണോ ഐക്യമുന്നണി പ്രവർത്തിച്ചിട്ടുള്ളതു്? കേരളത്തിൽ ഭരണത്തിലിരുന്നുകൊണ്ടു് ഐക്യമുന്നണികക്ഷികൾ പരസ്പരം കലഹിച്ചതു് ബഹുജനപ്രക്ഷോഭണത്തിൻെറപേരിലല്ല. അധികാരമത്സരത്തിൽക്കവിഞ്ഞു് ആദർശസംഹിതകളുമായി ആ കലഹങ്ങൾക്കു് വല്ല ബന്ധവുമുണ്ടായിരുന്നോ? ബംഗാളിൽ ഇന്നു് ഐക്യമുന്നണികക്ഷികൾ പരസ്പരം വെട്ടിക്കൊല്ലുന്നതു് ബഹുജനപ്രക്ഷോഭണങ്ങളോടുള്ള സമീപനത്തിൻെറ വ്യത്യാസംകൊണ്ടാണെന്നു പറഞ്ഞാൽ വിശ്വസിക്കാനാളുകളുണ്ടാകുകയില്ല. പൊതുശത്രു കോൺഗ്രസ്സാണെന്ന നില മാറി പരസ്പരം വെട്ടും കൊലയുമാണു ഇടതുപക്ഷ ഐക്യമുന്നണിക്കാർ അവിടെ നടത്തിക്കൊണ്ടിരിക്കുന്നതു്.

അതുകൊണ്ടു് സോഷ്യലിസ്റ്റ് ലക്ഷ്യത്തിലേക്കു് അടുപ്പിക്കുന്നതാണോ അല്ലയോ എന്നയടിസ്ഥാനത്തിലല്ലാതെ മററു കക്ഷികളുമായി കൂട്ടുചേരുകയോ അവയെ

## മാർക്‌സിസ്റ്റ് പാർട്ടിയും മററു കക്ഷികളും (തുടർച്ച)

വർജ്ജിക്കുകയോ ചെയ്യുന്നതിൽ അർത്ഥമില്ല. മുസ്ലീംലീഗിനെപ്പോലുള്ള വർഗ്ഗീയ കക്ഷികളെ വർഗ്ഗീയകക്ഷികൾ എന്ന നിലയ്ക്കുതന്നെ എതിർക്കാൻ സോഷ്യലിസ്റ്റുകാരായവർ ബാദ്ധ്യസ്ഥരാണ്. വർഗ്ഗീയമായ ചേരിതിരിവുകൾ സോഷ്യലിസ്റ്റ് ലക്ഷ്യത്തിലേക്കുള്ള ബഹുജനപ്രക്ഷോഭങ്ങളെ തടസ്സപ്പെടുത്തുകയേയുള്ളുവെന്നതാണ് ചരിത്രം. മുസ്ലീംലീഗ് മതപരമായ ചേരിതിരിവുണ്ടാക്കുന്നതാകയാൽ അതിന്റെ സാമ്പത്തികവർഗമാകാൻ സാദ്ധ്യമല്ല. അതുകൊണ്ടാണ് സാമ്പത്തികാടിസ്ഥാനത്തിലുള്ള വർഗ്ഗസമരങ്ങളെ മതവർഗ്ഗീയകക്ഷികൾ വെറുക്കുന്നതു്. മുസ്ലീംലീഗുമായി കൂട്ടുചേർന്നതുകൊണ്ടു് ഇതിനകം മാർക്‌സിസ്റ്റ് പാർട്ടിക്കു ബഹുജനപ്രക്ഷോഭണത്തെ സഹായിക്കാൻ സാധിച്ചുവെന്നാണോ ഈ. എം. എസ്സ്. അവകാശപ്പെടുന്നതു്?

ഇതിലും അപകടകരമായ ഒരു തത്വം കൂടി ഈ. എം. എസ്സ്. ആവിഷ്ക്കരിച്ചിട്ടുണ്ടു്. 'ഹൈന്ദവമേധാവിത്വം സ്ഥാപിക്കാൻ ശ്രമിക്കുന്ന ജനസംഘത്തേയും മററും എതിർക്കേണ്ട മുസ്ലീം ക്രിസ്ത്യൻ ന്യൂനപക്ഷങ്ങൾ, എന്നാണ് അദ്ദേഹം പറയുന്നതു്. അവർ ആത്മരക്ഷക്കു സംഘടിക്കുന്നതിനു മാർക്‌സിസ്റ്റുകാർ എതിരല്ലപോലും. മുസ്ലീംലീഗ് അങ്ങിനെ ഹൈന്ദവമേധാവിത്വത്തിനെതിരായി ആത്മരക്ഷക്കു സംഘടിച്ച മുസ്ലീമുകളുടെ സംഘടനയാണോ? ജനസംഘം ഉണ്ടാകുന്നതിനും എത്രയോ മുമ്പുതന്നെ മുസ്ലീംലീഗുണ്ടായി. മുസ്ലീമുകൾ പ്രത്യേകരാഷ്ട്രമാണെന്ന വാദത്തിന്റെയടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംഘടനയാണ് മുസ്ലീംലീഗു്. പഴയ മുസ്‌ലീംലീഗിന്റെ നേതാക്കൾ തന്നെയാണ് ഇന്നുമുള്ളതു്. വർഗ്ഗീയത ആരുടേതായാലും വിട്ടുവീഴ്ചയില്ലാതെ എതിർക്കപ്പെടണം. ഇത്രയും കാലം ഈ. എം. എസ്സും മാർക്‌സിസ്‌ററു കമ്യൂണിസ്‌ററു പാർട്ടിയും മതന്യൂനപക്ഷ സംരക്ഷണമെന്ന വാദത്തിന്റെ പേരിൽ മുസ്‌ലീംലീഗിനു നൽകിയ പിന്തുണകൊണ്ടു് വർഗ്ഗീയത ഹിന്ദുക്കളുടെയും മുസ്‌ലീമുകളുടേയും—ഒരേപോലെ ശക്തിപ്രാപിക്കുകയല്ലാതെ ഒട്ടും കുറഞ്ഞിട്ടില്ല. ഈയനുഭവത്തിൽ നിന്നു പഠിക്കാതെ ഇന്നും മുസ്‌ലീംലീഗിന്റെ പുറകെ നടക്കാനുള്ള ശ്രമം തന്നെയാണ് നടത്തുന്നതെങ്കിൽ കൂടുതൽ കുഴപ്പമുണ്ടാകുകയേയുള്ളു.

അതിലേറെ വിചിത്രമായിരിക്കുന്നത് വലതു് കമ്യൂണിസ്‌ററുകാർക്കുപോലും മാർക്‌സിസ്‌ററു പാർട്ടി വിഭാവനം ചെയ്യുന്ന പുതിയ മുന്നണിയിൽ സ്ഥാനമില്ലെന്ന ഈ. എം. എസ്സിന്റെ പ്രഖ്യാപനമാണ്. പിന്നെ എന്തിനാണ് അവരെ ബംഗാളിലെ ഐക്യമുന്നണിയിൽ തുടരാൻ അനുവദിക്കുന്നതെന്നു മനസ്സിലാകുന്നില്ല. വലതുകമ്യൂണിസ്‌ററുകാർ ബംഗാളിലെ ഐക്യമുന്നണിയിൽ നിന്നു രാജിവെച്ചു് ഒഴിയണമെന്നു ഇതേവരെ മാർക്‌സിസ്‌ററു പാർട്ടി ആവശ്യപ്പെട്ടിട്ടില്ല. വലതു കമ്യൂണിസ്‌ററുകാരെ കൂട്ടുചേർക്കാതിരിക്കാൻ ഈ. എം. എസ്സ്. പറയുന്ന ന്യായം അവർ 'ഈ കോൺഗ്രസ്സുകളിലൊന്നു്(ഇന്ദിരാ കോൺഗ്രസ്സ്) മറേറതിനേക്കാൾ ഭേദമാണെന്ന ന്യായത്തിന്മേൽ ആ കോൺഗ്രസ്സുമായി കൂട്ടുകെട്ടുണ്ടാക്കാൻ ശ്രമിക്കുന്നുവെന്നാണ്.'

മാർക്‌സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്ര കമ്മിററി പ്രമേയവുമായി എത്രത്തോളം പൊരുത്തപ്പെടുന്നതാണ് ഈ. എം. എസ്സിന്റെ വാദമെന്നു പരിശോധിക്കേണ്ടതായിരിക്കുന്നു. "ഏതായാലും സിൻഡിക്കേററും ഇന്ദിരാ ഗ്രൂപ്പും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്ന അഭിപ്രായഗതിയോടു് കേന്ദ്ര കമ്മിററി യോജിക്കുന്നില്ല.....പിന്തിരിപ്പൻ ജനവിരുദ്ധ വീക്ഷണം കൊണ്ടു് ജനങ്ങളുടെ ഇടയ്ക്കു സൽപ്പേരു നഷ്ടപ്പെട്ട വളരെയേറെ പേർ അതിന്റെ നേതൃത്വത്തിലുണ്ടെങ്കിലും വലിയ ഭൂപ്രഭുക്കന്മാരേയും കുത്തക മുതലാളിത്വത്തേയും വെറുക്കുന്ന ആരോഗ്യകരമായ ഒരു പ്രവണത അതിൽ അടങ്ങിയിട്ടുണ്ടു്." എന്നാണ് കേന്ദ്രക്കമ്മിററി അഭിപ്രായപ്പെടുന്നത്. അങ്ങിനെയാണെങ്കിൽപ്പിന്നെ അവരുമായി കൂട്ടുകൂടുന്നത് അത്ര വലിയ അപരാധമാകാൻ ഇടയില്ല. ബി. കെ. ഡി., ഡി. എം. കെ., അകാലിദൾ, മുസ്ലീം ലീഗ് തുടങ്ങിയ വർഗ്ഗീയ പിന്തിരിപ്പൻ കക്ഷികളുമായി കൂട്ടുകൂടാൻ ഒരുവശത്തു് തയാറാകുക, അതേസമയം മറുവശത്തു് ഇന്ദിരാഗ്രൂപ്പാണ് സോഷ്യലിസ്റ്റ് പുരോഗതിക്കു പ്രധാന ശത്രുവെന്നു പ്രഖ്യാപിക്കുക— ഇന്ദിരാ ഗ്രൂപ്പ് ഭേദമാണെന്നു സമ്മതിക്കുക,— എന്നിട്ടും പാർളിമെന്റിൽ ഇന്ദിരാ ഗവർമ്മെണ്ടിനു പിന്തുണ നൽകുക എന്നിങ്ങനെ ആശയക്കുഴപ്പം കൊണ്ടു് പരസ്പര വിരുദ്ധമായ നിലപാടുകളാണ്. മാർക്‌സിസ്റ്റ് കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വം സ്വീകരിച്ചു കാണുന്നത്.

ഇതവസാനിപ്പിച്ചു് രാഷ്ട്രീയമായ കുടിപ്പകകളിൽനിന്നു വിമുക്തമായി കക്ഷി ഏതായാലും കൊള്ളാം നടപ്പാക്കുന്ന പരിപാടി സോഷ്യലിസ്‌ററ് ലക്ഷ്യത്തിലേക്കു നയിക്കുന്നതാണോ എന്ന പരിഗണന വെച്ചു് രാഷ്ട്രീയ തീർപ്പുകളെ എതിർക്കുകയോ പിന്തുണ നൽകുകയോ ചെയ്യാൻ മാർക്‌സിസ്‌ററ് പാർട്ടി തയാറാകുമെന്നാണ് സോഷ്യലിസ്‌ററ്കാർ പ്രതീക്ഷിക്കുന്നത്.

### ലേഖകന്മാരുടെ ശ്രദ്ധയ്ക്കു്

'നിർണ്ണയം' വാരികയിൽ പ്രസിദ്ധീകരിക്കാനുള്ള ലേഖനങ്ങൾ പത്രാധിപർ 'നിർണ്ണയം' കോൺവെൻറ് റോഡ്, എറണാകുളം, എന്ന മേൽവിലാസത്തിൽ അയക്കണം. പ്രസിദ്ധീകരിക്കാത്ത ലേഖനങ്ങൾ തിരിച്ചയക്കണമെങ്കിൽ ആവശ്യമുള്ള സ്റ്റാമ്പ് ഒട്ടിച്ച കവർ അടക്കം ചെയ്തിരിക്കേണ്ടതാണ്. എല്ലാ ലേഖകരും തങ്ങളുടെ പൂർണ്ണമായ മേൽവിലാസം പ്രത്യേകമായി എഴുതണമെന്നു അഭ്യർത്ഥിക്കുന്നു. കഥയും കവിതയും വാരികയിൽ പ്രസിദ്ധീകരിക്കുന്നതല്ല

Vol. 1

# NIRNAYAM

No. 5 (ERNAKULAM 1st MARCH 1970) Price 35 Ps.

## അനാവശ്യമായ അവധിദിനങ്ങൾ

ആവശ്യത്തിലേറെ അവധിദിനങ്ങൾ ഉള്ളയവസരത്തിലാണ് മന്നത്ത് പത്മനാഭന്റെ മരണം പ്രമാണിച്ച് ഒരവധിദിനംകൂടിയുണ്ടായതു്. സംസ്ഥാനഗവണ്മെന്റ് ഓഫീസുകൾക്കും കേരളത്തിലെ കേന്ദ്രഗവർമ്മെണ്ട് ഓഫീസുകൾക്കും അവധി നൽകുകയുണ്ടായി.

അവധിനൽകുന്നതു് അനുശോചനം പ്രകടിപ്പിക്കുന്നതിനാണെന്നാണു പറയപ്പെടുന്നതു്, എന്തിനാണീ അർത്ഥശൂന്യമായ പ്രകടനം നടത്തുന്നതു്. നാലുപേർക്കറിയാവുന്ന ആരെങ്കിലും മരിച്ചെന്നു കേട്ടാൽ അന്നവധിയാണോയെന്നു സർക്കാർ ഉദ്യോഗസ്ഥന്മാരും സ്കൂൾ വിദ്യാർത്ഥികളും താല്പര്യത്തോടെ അന്വേഷിക്കുന്നതു പതിവായിട്ടുണ്ടു്. അനുശോചനദിനങ്ങളെന്നു പറയപ്പെടുന്ന ദിവസങ്ങൾ പലപ്പോഴും സിനിമാശാലകളിൽ പോയി ആഹ്ലാദിക്കുന്നതിനുള്ള ഒഴിവുദിനമായാണു് തീരാറുള്ളതു്.

മന്നത്ത് പത്മനാഭന്റെ മരണം പ്രമാണിച്ച് സർക്കാർ ഓഫീസുകൾക്ക് അവധിനൽകിയതു് സാമുദായം തിരിഞ്ഞു് കൂടുതൽ അവ്യധിദിനങ്ങൾക്കുവേണ്ടിയുള്ള വാദം ഉന്നയിക്കുന്നതിനു് ഇടയാകുകയും ചെയ്യും. നായർ സമുദായനേതാവിനെ സർക്കാരിനു ബഹുമാനിക്കാമെങ്കിൽ പിന്നെ മുസ്‌ളീംസമുദായ നേതാവിനേയും കൃസ്ത്യൻ സമുദായ നേതാവിനേയും ഈഴവസമുദായ നേതാവിനേയും ഹരിജനസമുദായ നേതാവിനേയും ബഹുമാനിക്കാൻ അവധിനൽകണമെന്നു വാദിച്ചുകൂടെ? ഈ സമുദായങ്ങൾ മാത്രമല്ല ജാതിയും ജാതിക്കുള്ളിൽ ജാതിയുമായിത്തിരിഞ്ഞു കിടക്കുന്ന കേരളീയ ജനതയിലെ ഓരോ സമുദായക്കാരും നേതാവിനെക്കണ്ടെത്താനും അയാളുടെ ജനനത്തിനും മരണത്തിനും ഒരേപോലെ അവധി നൽകണമെന്നു വാദിക്കാനും തുടങ്ങിയാൽ അത്ഭുതപ്പെടേണ്ട.

കേരളത്തിൽ തന്നെ ഇങ്ങനെ അവധി ബഹുമാനങ്ങൾക്കുവേണ്ടി വാദിച്ച് ഒഴിവുദിനാവകാശം നേടിയെടുത്തതിനു ഉദാഹരണങ്ങളുണ്ടു്. ശ്രീനാരായണഗുരുവിന്റെ ജനനദിനവും മരണദിനവും കേരളത്തിൽ ഒഴിവുദിനങ്ങളാണു്. ഗാന്ധിജിയുടെ ചരമദിനത്തിനുപോലും ഒഴിവു നൽകാത്തപ്പോൾ ശ്രീനാരായണഗുരുവിന്റെ ചരമദിനത്തിനു ഒഴിവു നൽകിയതു് സാമുദായിക വികാരങ്ങളെ തൃപ്തിപ്പെടുത്തുന്നതിനല്ലാതെ മറ്റൊന്നിനുമല്ല.

ഗാന്ധിജിയുടെ ചരമദിനത്തിനുകൂടി ഒഴിവുനൽകണമെന്നല്ലാ പറയുന്നതു്. സമുദായവാദികൾ ഒഴിവുദിനബഹുമാനങ്ങൾക്കുവേണ്ടി ശ്രമിക്കുന്നതു് ഉദാഹരിച്ചുവെന്നേയുള്ളു. ഇന്ത്യയിലെപ്പോലെഅവികസിതമായ ഒരു രാജ്യത്തു ഇത്തരം അവധിദിനങ്ങൾ ഒരിക്കലും അനുവദിക്കാവുന്നതല്ലാ. അല്ലെങ്കിൽ തന്നെ മടിപിടിച്ച് കർമ്മവിമുഖരായ ജനതയാണു് നമുക്കുള്ളതു്. ജനതയെ ചൂഷണം ചെയ്യുന്നതവസാനിക്കുകയും ഉച്ചനീചത്വങ്ങൾ ഇല്ലാതാക്കുകയും ചെയ്യുന്നതോടൊപ്പം അവരെ കർമ്മോത്സുകരാക്കാതെ രാജ്യപുരോഗതി സാദ്ധ്യമല്ല. യഥാർത്ഥത്തിൽ ഓരോ ജോലിയും സാമൂഹ്യസേവനമാണെങ്കിൽ, കൂടുതൽ ജോലി ചെയ്യലാണു നേതാക്കളോടു കാണിക്കുന്ന ഏററവും വലിയ ആദരവു്. മന്ത്രിമാരോ, ഗവർണ്ണർമാരോ മററാരെങ്കിലുമോ മരിച്ചാൽ അവധിനൽകുന്ന ഏർപ്പാടു് അവസാനിപ്പിക്കണം. മരിക്കാൻ പ്രായമാകുമ്പോഴാണല്ലോ, അല്ലെങ്കിൽ തന്നെ പലരേയും ഗവർണ്ണർമാരായി നിയമിക്കുന്നതു്. ഇന്ത്യയിൽ മന്ത്രിമാരാകാനും ഏതാണ്ടു് ആയുസ്സിൽ പകുതികഴിഞ്ഞിരിക്കണമെന്നാണു് അലിഖിത നിയമം. കേന്ദ്രമന്ത്രിമാരാകണമെങ്കിൽ പിന്നെ കുറഞ്ഞതു് അറുപതുവയസ്സെങ്കിലും കഴിഞ്ഞിട്ടുണ്ടാകണമെന്ന നിലതന്നെയുണ്ടായിട്ടുമുണ്ടു്. ഭാരതത്തിന്റെ ശരാശരി വയസ്സാണെങ്കിൽ 50 തിൽ കുറവുമാണു്. ഇനിയും അവധിയവകാശപ്പെടാവുന്ന മരണങ്ങൾ വർഷംതോറും ധാരാളം ഉണ്ടാകാനിടയുള്ളതുകൊണ്ടു്, ഇപ്പോൾതന്നെ ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുകയാണു് നല്ലതു്. അല്ലെങ്കിൽ പ്രവർത്തിക്കുവാൻ സമയം ഇല്ലാതെ വരും.

ജവഹർലാൽ നെഹ്രുവിന്റെ ചരമവാർഷിക ദിനത്തിൽ ഇതേപോലെ അവധിവേണമെന്നാവശ്യപ്പെട്ടു് ചിലർ ബഹളമുണ്ടാക്കിയപ്പോൾ നെഹ്രുവിനോടുള്ള ബഹുമാനസൂചകമായി അന്നു് ഒരു മണിക്കൂർ കൂടുതൽ ജോലിചെയ്യണമെന്നു ആന്ധ്രാമുഖ്യമന്ത്രി ബ്രഹ്മാനന്ദറെഡ്ഡി നിദ്ദേശിക്കുകയുണ്ടായി. അതുപ്രകാരം എല്ലാവരേയും ഒരുമണിക്കൂർനേരം കൂടുതൽ ജോലി ചെയ്യിക്കുകയും ചെയ്തു. ആ മാതൃക രാജ്യമൊട്ടാകെ സ്വീകരിക്കുന്നകാണു് നല്ലതു്.

സർക്കാർ ചെലവിൽ അവധിയെടുത്തു് ആരും അനുശോചിക്കേണ്ട. അനുശോചിക്കണമെന്നു നിർബന്ധമുള്ളവർ നിയമമനുവദിക്കുന്ന തരത്തിൽ അവധിയെടുത്തു് അനുശോചിച്ചുകൊള്ളട്ടെ. വിദ്യാലയങ്ങളെയാണു് അവധിദിനങ്ങൾ കൂടുതൽ ബാധിക്കുന്നതു്. മതപരമായ വിശേഷദിവസങ്ങൾക്കു അവധിയനുവദിക്കുന്നതിനു കയ്യും കണക്കുമില്ല. ഇതിനൊക്കെപുറമെ വിദ്യാലയ മാനേജ്മെന്റിനു് താൽപ്പര്യം തോന്നുന്ന എല്ലാ ദിനങ്ങളും കൂടി അവധിയാണു്. നിരവധി മതങ്ങളും മതവിശേഷങ്ങളുമുള്ള കേരളത്തിൽ ജോലിദിനങ്ങളേക്കാൾ കൂടുതൽ ഒഴിവുദിവസങ്ങളായിത്തീർന്നിട്ടുണ്ടു്. പുതിയ പുതിയ മതവിശേഷങ്ങൾക്കു ഒഴിവുനൽകണമെന്ന ആവശ്യങ്ങളും വർദ്ധിച്ചുവരുന്നു. അതുകൊണ്ടു് മേലാൽ ആരുടേയും ജനനമരണങ്ങൾക്കു ഒഴിവു്നൽകുകയില്ലെന്നു സർക്കാർ ദൃഢനിശ്ചയം ചെയ്യണം. ഇന്നുതന്നെയുള്ള അവധിദിനങ്ങൾ കുറയ്ക്കുകയും വേണം.

Edited printed and published by M A. John Convent Road Cochin-11
at Empees Press, Gopal prabhu Road, Cochin-11